VOL NO: 08 I ISSUE 43
2024 OCTOBER 26 I ₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com



നിയമത്തിൽ പൊതിഞ്ഞ ഹിന്ദുത്വ വിമർശനങ്ങളുമായാണ് ദേശീയ ബാലാവകാശ കമ്മീഷൻ മദ്റസകൾക്കെതിരെ ഉടവാളെടുത്തിരിക്കുന്നത്. കോടതിയുടെ ഇടപെടലോടെ നടപടി മരവിപ്പിച്ചെങ്കിലും ഡിപ്പാർട്ട്മെന്റിന് യാതൊരു മനസ്താപവുമില്ലെന്ന് വേണം അനുമാനിക്കാൻ. മാറേണ്ടത് മദ്റസകളോ, കമ്മീഷന്റെ തലതിരിഞ്ഞ സമീപനമോ?

## മദ്റസകളും ബാലാവകാശ കമ്മീഷനും സുപ്രീംകോടതി വിധിയും

**ഭാര്യമാരോട് പെരുമാറുമ്പോൾ...**

|| കേൾക്കാം; പ്രായംചെന്നവരെയും

|| 'തക്ഫീർ' വിവാദം; സലഫികളെ അധിക്ഷേപിക്കുന്നവരോട്

|| പ്രമാണങ്ങളെ പിൻപറ്റൽ അധരവ്യായാമത്തിലൊതുക്കുന്നവർ




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

0405
# നേർപഥം
വാരിക

2024 ഒക്ടോബർ 26
1446 റ. ആഖിർ 23
പുസ്തകം 08 / ലക്കം 43

Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**







മുജീബ് ഒട്ടുമ്മൽ
നിയമത്തിൽ പൊതിഞ്ഞ ഹിന്ദുത്വ വിമർശനങ്ങളുമായാണ് ദേശീയ ബാലാവകാശ കമ്മീഷൻ മസകൾക്കെതിരെ ഉടവാളെടുത്തിരിക്കുന്നത്. കോടതിയുടെ ഇടപെടലോടെ നടപടി മരവിപ്പിച്ചെങ്കിലും ഡിപ്പാർട്ട്മെന്റിന് യാതൊരു മനസ്താപവുമില്ലെന്ന് വേണം അനുമാനിക്കാൻ. മാറേണ്ടത് മദ്റസകളോ, കമ്മീഷന്റെ തലതിരിഞ്ഞ സമീപനമോ?

**05** മുഖമൊഴി
പ്രമാണങ്ങളെ പിൻപറ്റൽ
അധരവ്യായാമത്തിലൊതുക്കുന്നവർ

**06** ഹദീസ് പാഠം
ഭാര്യമാരോട്
പെരുമാറുമ്പോൾ...
ഉസ്മാൻ പാലക്കാഴി

**07** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറതുസ്സബഅ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**15** ലേഖനം
കേൾക്കാം;
പ്രായംചെന്നവരെയും
ദുൽക്കർഷാൻ അലനല്ലൂർ

**18** വിമർശനം
'തക്ഫീർ' വിവാദം; സലഫികളെ
അധിക്ഷേപിക്കുന്നവരോട്
മൂസ സ്വലാഹി കാര

**24** ബാലപഥം
'ഹംദ്' എന്ന ഭവനം
റിദ നിസാർ എസ്

**26** ചരിത്രപഥം
തൂലിക പടവാളാക്കിയ
പരിഷ്കർത്താവ്
പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി

**32** കർമപഥം
നമസ്കാരത്തിലെ ഇമാമത്ത്
വിവ. അബ്ദുൽ ജബ്ബാർ മദീനി

**34** കവിത
മരണം
ഹുസ്ന മലോറം

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# പ്രമാണ നിഷേധത്തിന്റെ അപകടങ്ങൾ തുറന്നു കാണിച്ച പരപ്പനങ്ങാടി ആദർശ സമ്മേളനം ഉജ്ജ്വലമായി

പരപ്പനങ്ങാടി: 'പ്രമാണ നിഷേധം മുജാഹിദ് പാരമ്പര്യമല്ല' എന്ന വിഷയത്തിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ പരപ്പനങ്ങാടിയിൽ സംഘടിപ്പിച്ച മുജാഹിദ് ആദർശ സമ്മേളനം ഉജ്ജ്വലമായി. തൗഹീദിന്റെ അടിത്തറ വ്യാഖ്യാനിക്കുന്നതിൽ തങ്ങൾക്ക് സംഭവിച്ച ഗുരുതരമായ അബദ്ധം മൂലം ധാരാളം സ്വീകാര്യയോഗ്യമായ ഹദീസുകളെ ദുർവ്യാഖ്യാനിക്കുകയോ പരിഹസിക്കുകയോ നിഷേധിക്കുകയോ ചേയ്യേണ്ടിവന്ന മർകസുദ്ദഅ്‌വ വിഭാഗത്തിന്റെ ആദർശ വ്യതിയാനങ്ങളാണ് സമ്മേളനത്തിൽ ചർച്ച ചെയ്തത്.

മർക്കസുദ്ദഅ്‌വക്കാർ പരപ്പനങ്ങാടിയിൽ നേരത്തെ നടത്തിയ പ്രോഗ്രാമിൽ ഉന്നയിച്ച ആരോപണങ്ങളുടെ നിജസ്ഥിതി പ്രമാണബദ്ധമായി ഗുണകാംക്ഷയോടെ ചൂണ്ടിക്കാണിക്കുന്നതിൽ ആദർശ സമ്മേളനത്തിന് വിജയിക്കാനായി. പ്രോഗ്രാം ആദ്യാവസാനം വീക്ഷിച്ച ഏതൊരാൾക്കും ഇസ്‌ലാമിക പ്രമാണങ്ങളെ നിഷേധിക്കുന്ന മർകസുദ്ദഅ്‌വ പ്രബാഷകർ അകപ്പെട്ട അപകടത്തിന്റെ ആഴം വ്യക്തമായി ബോധ്യപ്പെടും വിധമാണ് വിഷയങ്ങൾ അവതരിപ്പിച്ചത്.

ആരോഗ്യകരമായ രീതിയിൽ ഈ ചർച്ച തുടരേണ്ടതുണ്ട്. ഇല്ലെങ്കിൽ മുജാഹിദ് പ്ലാറ്റ്ഫോമിൽനിന്നും മതയുക്തിവാദത്തിന്റെ പടുകുഴിയിലേക്ക് നിഷ്കളങ്കരായ സാധാരണക്കാർ വഴുതി വീഴാൻ സാധ്യതയേറെയാണ്. ഒരുഭാഗത്ത് മതനിരാസവും ലിബറൽ കാഴ്ചപ്പാടുകളും സമുദായമക്കളെ വേട്ടയാടുമ്പോൾ, മറുഭാഗത്ത് സമുദായത്തിന്റെയുള്ളിൽനിന്നുതന്നെ തന്റെ 'ബുദ്ധിക്ക്' യോജിക്കാത്ത ഹദീസുകൾ അംഗീകരിക്കേണ്ടതില്ലെന്ന് ബോധവത്കരിക്കുകകൂടി ചെയ്യുമ്പോൾ വലിയ അപകടത്തിലേക്കാണ് ചെന്നെത്തുക.

സംസ്ഥാന എക്സിക്യൂട്ടീവ് അംഗം മുജീബ് മദനി ഒട്ടുമ്മൽ ആമുഖഭാഷണം നടത്തി. മലപ്പുറം വെസ്റ്റ് ജില്ലാ സെക്രട്ടറി ഹനീഫ ഓടക്കൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന ഭാരവാഹികളായ ഫൈസൽ മൗലവി, അബ്ദുൽ മാലിക് സലഫി എന്നിവർ വിഷയമവതരിപ്പിച്ചു സംസാരിച്ചു. നിഹാദ് എം.സി.സി സമാപന സംസാരം നടത്തി. ഹാമിദ് എം.സി.സി നന്ദി പറഞ്ഞു.

# ദ്വിദിന ദഅ്‌വാ വർക്ഷോപ് സമാപിച്ചു

മലപ്പുറം: വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച 'അൽബസ്വീറ' ദഅ്‌വാ വർക്ഷോപ് മലപ്പുറത്ത് സമാപിച്ചു. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള പ്രത്യേകം ക്ഷണിക്കപ്പെട്ട പ്രതിനിധികളാണ് ക്യാമ്പിൽ പങ്കെടുത്തത്. രണ്ടുദിവസം നീണ്ടുനിന്ന പരിപാടിയിൽ വിവിധ വിഷയങ്ങൾ പഠനവിധേയമാക്കി. രണ്ടാം ദിവസം രാവിലെ പ്രദേശത്ത് ഗൃഹസമ്പർക്കം നടത്തി.

ഇസ്‌ലാമിക പ്രബോധന രംഗത്ത് അറിവും പ്രായോഗികതയും വിവേകപൂർവമായ നിലപാടുകളും സമന്വയിപ്പിച്ചു കൊണ്ടുപോകാൻ കഴിവുള്ളവരെ വാർത്തെടുക്കുക എന്നതാണ് ക്യാമ്പിന്റെ ലക്ഷ്യം. കൃത്യമായ ഇടവേളകളിൽ സംസ്ഥാന തലത്തിൽ ഈ ക്യാമ്പ് സംഘടിപ്പിച്ചു വരുന്നു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി നാസിർ ബാലുശ്ശേരി ഉദ്ഘാടനം ചെയ്തു. ഷബീബ് സ്വലാഹി, മൂസ സ്വലാഹി കാര, സമീർ മുണ്ടേരി, ശമീർ മദീനി, അബൂബക്ർ സലഫി, ഫൈസൽ മൗലവി, സി.പി സലിം, ഹാരിസ് ഇബ്നു സലിം തുടങ്ങിയവർ ഒന്നാം ദിവസം വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.

സംശയ നിവാരണത്തിന് അബൂബക്ർ സലഫി, ഫൈസൽ മൗലവി, ശമീർ മദീനി, ശബീബ് സ്വലാഹി എന്നിവർ നേതൃത്വം നൽകി. വിസ്ഡം സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അഷ്റഫ്, ശിഹാബ് എടക്കര എന്നിവർ പ്രഭാഷണം നടത്തി. ദഅ്‌വ വിംഗ് കൺവീനർ അബ്ദുല്ല ഫാസിൽ സ്വാഗതം പറഞ്ഞു. വിസ്ഡം സംസ്ഥാന എക്സിക്യൂട്ടീവ് അംഗം ഹുസൈൻ കാവനൂർ ആശംസകളർപ്പിച്ചു.

# പ്രമാണങ്ങളെ പിൻപറ്റൽ അധരവ്യായാമത്തിലൊതുക്കുന്നവർ

അനേകം പ്രവാചകന്മാരെ അല്ലാഹു ഈ ലോകത്തേക്ക് നിയോഗിച്ചിട്ടുണ്ട്. അവരിൽ വേദഗ്രന്ഥം നൽകപ്പെട്ടവരും നൽകപ്പെടാത്തവരുമുണ്ട്; പലവിധ ദൃഷ്ടാന്തങ്ങൾ നൽകപ്പെട്ടവരുണ്ട്. അല്ലാഹു അയച്ച ദൂതൻതന്നെയാണ് എന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുവാനാണ് അമാനുഷിക ദൃഷ്ടാന്തങ്ങൾ അഥവാ ദൈവിക ദൃഷ്ടാന്തങ്ങൾ അവർക്ക് നൽകപ്പെട്ടത്. അന്തിമ പ്രവാചകന് നൽകപ്പെട്ട ഏറ്റവും വലിയ ദൃഷ്ടാന്തമാണ് വിശുദ്ധ ക്വുർആൻ. 1400 വർഷങ്ങൾക്ക് മുമ്പ് അവതരിപ്പിക്കപ്പെട്ട ക്വുർആൻ യാതൊരുവിധ മാറ്റത്തിരുത്തലുകൾക്കും വിധേയമാകാതെ ഇന്നും നിലകൊള്ളുന്നു എന്നതുതന്നെ അതിന്റെ ദൈവികതക്ക് തെളിവാണ്. കോടിക്കണക്കിന് മുസ്‌ലിംകൾ ഒരേ ഭാഷയിൽ അത് പാരായണം ചെയ്തുകൊണ്ടിരിക്കുന്നു. അനേകം ആളുകൾക്ക് അത് മനഃപാഠമാണ്. എത്രയോ ആളുകൾ അതിൽ ആകൃഷ്ടരായി ഇസ്‌ലാമിലേക്ക് കടന്നുവന്നു; ഇന്നും കടന്നുവന്നുകൊണ്ടിരിക്കുന്നു.

മാനവരാശിയെ എല്ലാവിധ അന്ധകാരങ്ങളിൽനിന്നും പ്രകാശത്തിലേക്ക് നയിക്കുവാനാണ് അല്ലാഹു വിശുദ്ധ ക്വുർആൻ അവതരിപ്പിച്ചത്: “നിങ്ങളെ ഇരുട്ടിൽനിന്ന് പ്രകാശത്തിലേക്ക് കൊണ്ടുവരാൻവേണ്ടി തന്റെ ദാസന്റെ മേൽ വ്യക്തമായ ദൃഷ്ടാന്തങ്ങൾ ഇറക്കിക്കൊടുക്കുന്നവനാണ് അവൻ. തീർച്ചയായും അല്ലാഹു നിങ്ങളോട് വളരെയധികം ദയാലുവും കാരുണ്യവാനും തന്നെയാണ്” (ക്വുർആൻ 57:9).

മുഹമ്മദ് നബി(സ)യുടെ ദൗത്യം വിശുദ്ധ ക്വുർആൻ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കലും അതിലേക്ക് അവരെ ക്ഷണിക്കലും അത് ജീവിതത്തിൽ പകർത്തി മാതൃക കാണിക്കലുമായിരുന്നു. അല്ലാഹു പറയുന്നു: “...നിനക്ക് നാം ഉൽബോധനം അവതരിപ്പിച്ച് തന്നിരിക്കുന്നു. ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചുകൊടുക്കാൻ വേണ്ടിയും അവർ ചിന്തിക്കാൻ വേണ്ടിയും” (16:44).

ഈ വിശദീകരണമാണ് ഹദീസുകൾ. അതും അല്ലാഹു അറിയിച്ചുകൊടുത്തതു തന്നെയാണ്. മതത്തിന്റെ യാതൊരു കാര്യവും നബി(സ) സ്വന്തം വകയായി പറഞ്ഞിട്ടില്ല. അല്ലാഹു പറയുന്നു: “അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല. അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഉൽബോധനം മാത്രമാകുന്നു” (53:3,4).

ഇസ്‌ലാമിന്റെ പ്രമാണം ക്വുർആൻ മാത്രമല്ല; ഹദീസും അഥവാ സുന്നത്തും പ്രമാണമാണ്. മാനവരാശിക്കുവേണ്ടി രണ്ടും അല്ലാഹു സംരക്ഷിച്ചിട്ടുണ്ട്. അല്ലാത്തപക്ഷം യഥാർഥ ഇസ്‌ലാം ജനങ്ങൾക്ക് ലഭിക്കുകയില്ല. ഒരു വിശ്വാസി പ്രമാണങ്ങളെ സ്വീകരിക്കേണ്ടത് തന്റെ പരിമിതമായ ബുദ്ധിയുടെയും യുക്തിയുടെ അടിസ്ഥാനത്തിലല്ല. പ്രപഞ്ച സ്രഷ്ടാവിന്റെ അറിവിനെയും യുക്തിയെയും അളക്കാൻ നമുക്ക് സാധ്യമല്ല. എന്നാൽ ഇന്ന് ചില സ്വീകാര്യയോഗ്യമായ, സച്ചരിതരായ മുൻഗാമികളുടെ കാലം തൊട്ടേ അംഗീകരിച്ചുവരുന്ന ഹദീസുകളെ പോലും ചോദ്യം ചെയ്യുകയും ബുദ്ധിക്കും യുക്തിക്കും നിരക്കാത്തതെന്നു പറഞ്ഞ് പരിഹസിക്കുകയും ചെയ്യുന്ന പ്രവണത ആസൂത്രിതമായി നടന്നുവരുന്നുണ്ട്. അതുവഴി അവർ അറിഞ്ഞോ അറിയാതെയോ ചെയ്യുന്നത് മതയുക്തിവാദികളെ വാർത്തെടുക്കുക എന്ന പ്രവർത്തനമാണ്. കാലത്തിനൊപ്പം സഞ്ചരിക്കാൻ ഇസ്‌ലാമിന്റെ ചില അധ്യാപനങ്ങൾ യോഗ്യമല്ല എന്ന ചിന്തയാണ് ഇക്കൂട്ടരെ ഭരിക്കുന്നത് എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്.

സാധ്യമായ വിധത്തിലൊക്കെ തങ്ങളുടെ പുത്തൻ ചിന്താഗതിക്ക് അനുയോജ്യമല്ലെന്നു കാണുന്ന പ്രവാചക വചനങ്ങളെ അവഗണിക്കുന്നതോടൊപ്പം ഞങ്ങളാണ് പ്രമാണങ്ങളെ യഥാവിധി പിൻപറ്റുന്നവർ എന്ന് ഇവർ അവകാശപ്പെടുകയും ചെയ്യുന്നു!

ഉസ്മാൻ പാലക്കാഴി
: 9656 292 244

عن أبي هريرة رضي الله عنه قال: قال رسول الله صلى عليه وسلم: " أكمَلُ المؤمنينَ إيمانًا أحسَنُهم خلُقًا، وخيارُكم خيارُكم لنسائِهم" ( رواه الترمذي)

അബൂഹുറയ്‌റ(റ)യിൽനിന്ന് നിവേദനം. നബി(സ്വ) പറഞ്ഞു: “വിശ്വാസികളിൽ വിശ്വാസം പൂർത്തിയായവനും ഏറ്റവും നല്ല സൽസ്വഭാവിയും ഏറ്റവും ഉത്തമനും തങ്ങളുടെ ഭാര്യമാരോട് നല്ലനിലയിൽ വർത്തിക്കുന്നവനാണ്” (തിർമുദി)

# ഭാര്യമാരോട് പെരുമാറുമ്പോൾ...

തങ്ങളുടെ ദാമ്പത്യജീവിതം സന്തോഷകരമായിത്തീരണമെന്ന് ആഗ്രഹിക്കാത്തവരായി ആരും ഉണ്ടാകില്ല. എന്നിട്ടും പലരുടെയും ദാമ്പത്യജീവിതം ദുസ്സഹവും കലഹങ്ങൾ നിറഞ്ഞതുമായിത്തീരുന്നു. ഭാര്യ ഭർത്താവിനെയും ഭർത്താവ് ഭാര്യയെയും കൊലചെയ്ത വാർത്തകൾ പത്രങ്ങളിൽ പതിവ് വാർത്തയായി പ്രത്യക്ഷപ്പെടുന്നു. മാനസികമായും ശാരീരികമായും പീഡിപ്പിക്കപ്പെടുന്ന ഭാര്യമാരുടെ എണ്ണം അനുദിനം വർധിച്ചുകൊണ്ടിരിക്കുന്നു.

ദമ്പതികളുടെ പരസ്പര സഹകരണവും വിശ്വാസവുമാണ് ഒരു നല്ല കുടുംബത്തിന്റെ അടിത്തറ. അതിന്റെ അഭാവത്തിൽ പ്രശ്നങ്ങൾ ഉത്ഭവിക്കുക സ്വാഭാവികം. എങ്ങനെ ഒരു നല്ല ഭർത്താവാകാം? എങ്ങനെ ഒരു നല്ല ഭാര്യയാകാം? ഇസ്‌ലാം വളരെ വ്യക്തമായ മാർഗനിർദേശങ്ങൾ ഈ രംഗത്ത് നൽകുന്നുണ്ട്. ഒരു നല്ല മനുഷ്യനായിത്തീരണമെങ്കിൽ നല്ല ഭർത്താവായിത്തീരണമെന്ന് മുകളിൽ കൊടുത്ത നബിവചനം മനസ്സിലാക്കിത്തരുന്നു.

സമൂഹമധ്യെ മാന്യരും നല്ലവരുമായി അറിയപ്പെടുന്ന പലരും സ്വന്തം ഭാര്യമാരുടെയടുക്കൽ ചെന്നാൽ ക്രൂരരും മനുഷ്യത്വമില്ലാത്തവരുമായിരിക്കും. മാന്യതയുടെ മുഖംമൂടിയണിഞ്ഞവർ. സ്വന്തം ഭാര്യയോട് മാന്യമായി പെരുമാറാൻ കഴിയാത്തവന്റെ സമൂഹമധ്യത്തിലുള്ള മാന്യതയ്ക്കും സൽപേരിനും എന്തുവില?

“നിങ്ങൾ അവരോട് നല്ല നിലയിൽ പെരുമാറുക” എന്ന ഭർത്താക്കന്മാരോടുള്ള ക്വുർആനിന്റെ കൽപനയും (4:129) “സ്ത്രീ വാരിയെല്ലു പോലെയാണ്, ബലം പ്രയോഗിച്ച് നീ അവളെ നേരെയാക്കാനുദ്ദേശിക്കുന്നപക്ഷം പൊട്ടിക്കേണ്ടിവരും” എന്ന് തുടങ്ങുന്ന നബിവചനവും വിശ്വാസികളായ എല്ലാ ഭർത്താക്കന്മാരും ശ്രദ്ധിക്കേണ്ടതാണ്.

സ്ത്രീ ഏറെ ക്ഷമിക്കുന്നവളാണെങ്കിലും പല വിഷയങ്ങളിലും അക്ഷമയും മുൻകോപവും അശ്രദ്ധയും മറ്റ് കൊച്ചുകൊച്ചു അപാകതകളും സ്ത്രീസഹജമായി അവളിൽ കണ്ടേക്കാം. അതെല്ലാം പൂർണമായി മാറ്റിയെടുത്ത് താൻ ഇഷ്ടപ്പെടാത്ത ഒരു സ്വഭാവവും ഇല്ലാത്തവളായി തന്റെ ഭാര്യയെ മാറ്റാമെന്നുള്ളത് വെറും വ്യാമോഹമാണ്. അതിനുശ്രമിച്ചാൽ ബന്ധം തകർന്നുപോവുകയായിരിക്കും ഫലം. നബി(സ്വ) പറഞ്ഞു: “ഒരു സത്യവിശ്വാസി തന്റെ ഇണയെ വെറുക്കരുത്. അവളിൽ ഒരു സ്വഭാവത്തെ അവൻ വെറുക്കുന്നുവെങ്കിൽ മറ്റൊരു സ്വഭാവത്തെ തൃപ്തിപ്പെട്ടേക്കാം”.

തന്റെ ചരിത്ര പ്രധാനമായ വിടവാങ്ങൽ പ്രസംഗത്തിൽ നബി(സ്വ) പറഞ്ഞു: “...നിശ്ചയം, നിങ്ങൾക്ക് നിങ്ങളുടെ ഭാര്യമാരിൽനിന്നും ഭാര്യമാർക്ക് നിങ്ങളിൽനിന്നും ചില അവകാശങ്ങൾ ഉണ്ട്. അവരിൽനിന്ന് നിങ്ങൾക്ക് ലഭിക്കുവാനുള്ള അവകാശം നിങ്ങളുടെ വിരിപ്പിൽ നിങ്ങൾ ഇഷ്ടപ്പെടാത്തവരെ കൊണ്ട് ചവിട്ടിക്കാതിരിക്കുകയും നിങ്ങളുടെ ഭവനങ്ങളിലേക്ക് നിങ്ങൾ ഇഷ്ടപ്പെടാത്തവരെ പ്രവേശിപ്പിക്കാതിരിക്കുകയും ചെയ്യലാണ്. അറിയുക; നിങ്ങളിൽനിന്ന് അവർക്ക് ലഭിക്കുവാനുള്ള അവകാശങ്ങൾ വസ്ത്രത്തിലും ഭക്ഷണത്തിലും മറ്റും അവർക്ക് നന്മ ചെയ്യലാണ് (തിർമുദി 1163).

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറതുസ്സബഅ്

(മക്കയിൽ അവതരിച്ചത്)

അധ്യായം
34

وَقَالَ الَّذِينَ اسْتُضْعِفُوا لِلَّذِينَ اسْتَكْبَرُوا
بَلْ مَكْرُ اللَّيْلِ وَالنَّهَارِ إِذْ تَأْمُرُونَنَا أَن
نَّكْفُرَ بِاللَّهِ وَنَجْعَلَ لَهُ أَندَادًا ۚ وَأَسَرُّوا
النَّدَامَةَ لَمَّا رَأَوُا الْعَذَابَ وَجَعَلْنَا الْأَغْلَالَ
فِي أَعْنَاقِ الَّذِينَ كَفَرُوا ۚ هَلْ يُجْزَوْنَ إِلَّا
مَا كَانُوا يَعْمَلُونَ ﴿٣٣﴾
وَمَا أَرْسَلْنَا فِي قَرْيَةٍ مِّن نَّذِيرٍ إِلَّا قَالَ
مُتْرَفُوهَا إِنَّا بِمَا أُرْسِلْتُم بِهِ كَافِرُونَ ﴿٣٤﴾
وَقَالُوا نَحْنُ أَكْثَرُ أَمْوَالًا وَأَوْلَادًا وَمَا نَحْنُ
بِمُعَذَّبِينَ ﴿٣٥﴾
قُلْ إِنَّ رَبِّي يَبْسُطُ الرِّزْقَ لِمَن يَشَاءُ وَيَقْدِرُ
وَلَٰكِنَّ أَكْثَرَ النَّاسِ لَا يَعْلَمُونَ ﴿٣٦﴾
وَمَا أَمْوَالُكُمْ وَلَا أَوْلَادُكُم بِالَّتِي
تُقَرِّبُكُمْ عِندَنَا زُلْفَىٰ إِلَّا مَنْ آمَنَ وَعَمِلَ
صَالِحًا فَأُولَٰئِكَ لَهُمْ جَزَاءُ الضِّعْفِ بِمَا
عَمِلُوا وَهُمْ فِي الْغُرُفَاتِ آمِنُونَ ﴿٣٧﴾
وَالَّذِينَ يَسْعَوْنَ فِي آيَاتِنَا مُعَاجِزِينَ أُولَٰئِكَ
فِي الْعَذَابِ مُحْضَرُونَ ﴿٣٨﴾
قُلْ إِنَّ رَبِّي يَبْسُطُ الرِّزْقَ لِمَن يَشَاءُ مِنْ
عِبَادِهِ وَيَقْدِرُ لَهُ ۚ وَمَا أَنفَقْتُم مِّن شَيْءٍ فَهُوَ
يُخْلِفُهُ ۖ وَهُوَ خَيْرُ الرَّازِقِينَ ﴿٣٩﴾

33. ബലഹീനരായി ഗണിക്കപ്പെട്ടവർ വലുപ്പം നടിച്ചവരോട് പറയും: അല്ല, ഞങ്ങൾ അല്ലാഹുവിൽ അവിശ്വസിക്കാനും അവന്ന് സമൻമാരെ സ്ഥാപിക്കുവാനും നിങ്ങൾ ഞങ്ങളോട് കൽപിച്ചുകൊണ്ടിരുന്ന സന്ദർഭത്തിൽ (നിങ്ങൾ) രാവും പകലും നടത്തിയ കുതന്ത്രത്തിന്റെ ഫലമാണത്. ശിക്ഷ കാണുമ്പോൾ അവർ ഖേദം മനസ്സിൽ ഒളിപ്പിക്കും. സത്യനിഷേധികളുടെ കഴുത്തുകളിൽ നാം ചങ്ങലകൾ വയ്ക്കുകയും ചെയ്യും. തങ്ങൾ പ്രവർത്തിച്ചിരുന്നതിന്റെ ഫലമല്ലാതെ അവർക്ക് നൽകപ്പെടുമോ?

34. ഏതൊരു നാട്ടിൽ നാം താക്കീതുകാരനെ അയച്ചപ്പോഴും, നിങ്ങൾ എന്തൊന്നുമായി നിയോഗിക്കപ്പെട്ടിരിക്കുന്നുവോ അതിൽ ഞങ്ങൾ അവിശ്വസിക്കുന്നവരാകുന്നു എന്ന് അവിടത്തെ സുഖലോലുപർ പറയാതിരുന്നിട്ടില്ല.

35. അവർ പറഞ്ഞു: ഞങ്ങൾ കൂടുതൽ സ്വത്തുക്കളും സന്താനങ്ങളുമുള്ളവരാകുന്നു. ഞങ്ങൾ ശിക്ഷിക്കപ്പെടുന്നവരല്ല.

36. നീ പറയുക: തീർച്ചയായും എന്റെ രക്ഷിതാവ് താൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം വിശാലമാക്കുകയും (താൻ ഉദ്ദേശിക്കുന്നവർക്ക്) അത് ഇടുങ്ങിയതാക്കുകയും ചെയ്യുന്നു. പക്ഷേ, ജനങ്ങളിൽ അധികപേരും അറിയുന്നില്ല.

37. നിങ്ങളുടെ സമ്പത്തുക്കളും നിങ്ങളുടെ സന്താനങ്ങളുമൊന്നും നമ്മുടെ അടുക്കൽ നിങ്ങൾക്ക് സാമീപ്യമുണ്ടാക്കിത്തരുന്നവയല്ല; വിശ്വസിക്കുകയും നല്ലത് പ്രവർത്തിക്കുകയും ചെയ്തവർക്കൊഴികെ. അത്തരക്കാർക്ക് തങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമായി ഇരട്ടി പ്രതിഫലമുണ്ട്. അവർ ഉന്നതസൗധങ്ങളിൽ നിർഭയരായി കഴിയുന്നതുമാണ്.

38. (നമ്മെ) തോൽപിക്കുവാനായി നമ്മുടെ ദൃഷ്ടാന്തങ്ങളെ എതിർക്കുവാൻ ശ്രമിക്കുന്നവരാരോ അവർ ശിക്ഷയിൽ ഹാജരാക്കപ്പെടുന്നവരാകുന്നു.

39. നീ പറയുക: തീർച്ചയായും എന്റെ രക്ഷിതാവ് തന്റെ ദാസൻമാരിൽനിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം വിശാലമാക്കുകയും താൻ ഉദ്ദേശിക്കുന്നവർക്ക് ഇടുങ്ങിയതാക്കുകയും ചെയ്യുന്നതാണ്. നിങ്ങൾ എന്തൊന്ന് ചെലവഴിച്ചാലും അവൻ അതിന് പകരം നൽകുന്നതാണ്. അവൻ ഉപജീവനം നൽകുന്നവരിൽ ഏറ്റവും ഉത്തമനത്രെ.

وَيَوْمَ يَحْشُرُهُمْ جَمِيعًا ثُمَّ يَقُولُ لِلْمَلَائِكَةِ أَهَٰؤُلَاءِ إِيَّاكُمْ كَانُوا يَعْبُدُونَ ﴿٤٠﴾ قَالُوا سُبْحَانَكَ أَنتَ وَلِيُّنَا مِن دُونِهِم ۖ بَلْ كَانُوا يَعْبُدُونَ الْجِنَّ ۖ أَكْثَرُهُم بِهِم مُّؤْمِنُونَ ﴿٤١﴾

40. അവരെ മുഴുവൻ അവൻ ഒരുമിച്ചുകൂട്ടുന്ന ദിവസം (ശ്രദ്ധേയമാകുന്നു). എന്നിട്ട് അവൻ മലക്കുകളോട് ചോദിക്കും: നിങ്ങളെയാണോ ഇക്കൂട്ടർ ആരാധിച്ചിരുന്നത്?

41. അവർ പറയും: നീ എത്ര പരിശുദ്ധൻ! നീയാണ് ഞങ്ങളുടെ രക്ഷാധികാരി; അവരല്ല. എന്നാൽ അവർ ജിന്നുകളെയായിരുന്നു ആരാധിച്ചിരുന്നത്. അവരിൽ അധികപേരും അവരിൽ (ജിന്നുകളിൽ) വിശ്വസിക്കുന്നവരത്രെ.

(33). (ബലഹീനരായി ഗണിക്കപ്പെട്ടവർ വലുപ്പം നടിച്ചവരോട് പറയും: അല്ല, ഞങ്ങൾ അല്ലാഹുവിൽ അവിശ്വസിക്കാനും അവന് സമന്മാരെ സ്ഥാപിക്കാനും നിങ്ങൾ ഞങ്ങളോട് കൽപിച്ചു). രാത്രിയും പകലും ഞങ്ങളെ വഴിതെറ്റിക്കാനുള്ള കുതന്ത്രങ്ങളായിരുന്നു നിങ്ങൾ നടത്തിക്കൊണ്ടിരുന്നത്. അതിനാൽ, സ്വാധീനിക്കപ്പെട്ടാണ് ഞങ്ങൾ വഴിതെറ്റിയത്. അവിശ്വാസത്തെ ഞങ്ങൾ ആകർഷകമാക്കി കാണിക്കുകയും അതിലേക്ക് ഞങ്ങളെ നിങ്ങൾ ക്ഷണിക്കുകയും ചെയ്തു. അതാണ് സത്യമെന്ന് നിങ്ങൾ ഞങ്ങളോട് പറഞ്ഞു. യഥാർഥ സത്യത്തെ നിങ്ങൾ എതിർക്കുകയും മോശമായി കാണുകയും ചെയ്തു. അത് അസത്യമാണെന്ന് വാദിക്കുകയും ചെയ്തു. അങ്ങനെ ഞങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതുവരെ നിങ്ങളുടെ തന്ത്രങ്ങളും ശ്രമങ്ങളും നിങ്ങൾ തുടർന്നു.

എന്നാൽ അവർ തമ്മിലുള്ള ഈ തർക്കം ഒരു നല്ലഫലവും ഉണ്ടാക്കുന്നില്ല. മറിച്ച് അവർ പരസ്പരം ഒഴിഞ്ഞുമാറുകയും അഗാധമായി ഖേദിക്കുകയും ചെയ്യുന്നു. അതാണ് അല്ലാഹു പറഞ്ഞത്: (ശിക്ഷ കാണുമ്പോൾ അവർ ഖേദം മനസ്സിൽ ഒളിപ്പിക്കും) അതായത്, ശിക്ഷയിൽ നിന്ന് രക്ഷപ്പെടാൻ അവർ നടത്തിയ ന്യായവാദങ്ങൾ അവർ ഉപേക്ഷിക്കും. അവരെല്ലാം ശിക്ഷ അർഹിക്കുന്ന തെറ്റുകാരാണെന്നും അവർ മനസ്സിലാക്കും. അങ്ങനെ അവർ അങ്ങേയറ്റം ഖേദത്തിൽ അകപ്പെടും. അവർ സത്യത്തിലായിരുന്നെങ്കിൽ, എന്നും ഈ ശിക്ഷയിലേക്ക് നയിച്ച അസത്യത്തെ ഉപേക്ഷിച്ചിരുന്നുവെങ്കിൽ എന്നും അവർ കൊതിച്ചുപോകും. സത്യത്തെ അംഗീകരിക്കുന്നതിന്റെ അപമാനം ഭയന്ന് ഇതവർ മനസ്സിൽ രഹസ്യമാക്കി വെക്കും. പരലോകത്തെ ചില ഭയാനക നിമിഷങ്ങളിലും നരകത്തിൽ പ്രവേശിക്കുന്ന സന്ദർഭങ്ങളിലുമെല്ലാം അവർ ഖേദം പരസ്യമാക്കുകയും ചെയ്യും.

وَيَوْمَ يَعَضُّ الظَّالِمُ عَلَىٰ يَدَيْهِ يَقُولُ يَا لَيْتَنِي اتَّخَذْتُ مَعَ الرَّسُولِ سَبِيلًا ﴿٢٧﴾ يَا وَيْلَتَىٰ لَيْتَنِي لَمْ أَتَّخِذْ فُلَانًا خَلِيلًا ﴿٢٨﴾

"അക്രമം ചെയ്തവൻ തന്റെ കൈകൾ കടിക്കുന്ന ദിവസം. അവൻ പറയും: റസൂലിന്റെ കൂടെ ഞാനൊരു മാർഗം സ്വീകരിച്ചുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ. എന്റെ കഷ്ടമേ, ഈ ആളെ ഞാൻ സുഹൃത്തായി സ്വീകരിച്ചിട്ടില്ലായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനേ"(25:27-28).

وَقَالُوا لَوْ كُنَّا نَسْمَعُ أَوْ نَعْقِلُ مَا كُنَّا فِي أَصْحَابِ السَّعِيرِ ﴿١٠﴾ فَاعْتَرَفُوا بِذَنبِهِمْ فَسُحْقًا لِّأَصْحَابِ السَّعِيرِ ﴿١١﴾

"ഞങ്ങൾ കേൾക്കുകയോ ചിന്തിക്കുകയോ ചെയ്തിരുന്നെങ്കിൽ ഞങ്ങൾ ജ്വലിക്കുന്ന നരകാഗ്നിയുടെ അവകാശികളുടെ കൂട്ടത്തിൽ ആകുമായിരുന്നില്ല എന്ന് അവർ പറയും. അങ്ങനെ അവർ തങ്ങളുടെ കുറ്റം ഏറ്റുപറയും. അപ്പോൾ നരകാഗ്നിയുടെ ആൾക്കാർക്കു ശാപം"(67:10-11).

(സത്യനിഷേധികളുടെ കഴുത്തുകളിൽ നാം ചങ്ങലകൾ വെക്കുകയും ചെയ്യും) ജയിലിൽ, അപമാനിതനായ ജയിൽപുള്ളിയെ ബന്ധിക്കുന്ന പോലെ. അല്ലാഹു പറയുന്നു:

إِذِ الْأَغْلَالُ فِي أَعْنَاقِهِمْ وَالسَّلَاسِلُ يُسْحَبُونَ ﴿٧١﴾ فِي الْحَمِيمِ ثُمَّ فِي النَّارِ يُسْجَرُونَ ﴿٧٢﴾

"അതെ, അവരുടെ കഴുത്തുകളിൽ വളയങ്ങളും ചങ്ങലകളുമായി അവർ വലിച്ചിഴക്കപ്പെടുന്ന സന്ദർഭം; ചുട്ടുതിളക്കുന്ന വെള്ളത്തിലൂടെ. പിന്നീട് അവർ നരകാഗ്നിയിൽ എരിക്കപ്പെടുകയും ചെയ്യും" (40:71,72).

(തങ്ങൾ പ്രവർത്തിച്ചിരുന്നതിന്റെ ഫലമല്ലാതെ അവർക്ക് നൽകപ്പെടുമോ?) അവിശ്വാസത്തിന്റെയും തിന്മയുടെയും പാപത്തിന്റെയും ഫലമായിട്ടാണ് അവർക്ക് ഈ ശിക്ഷയും കനത്ത ചങ്ങലകളും ലഭിക്കുന്നത്.

(34). പ്രവാചകന്മാരിൽ അവിശ്വസിച്ച മുൻ സമുദായങ്ങളുടെ അവസ്ഥയാണ് അല്ലാഹു ഇവിടെ പറയുന്നത്. അവന്റെ ദൂതനായ മുഹമ്മദ് നബി(സ്വ)യെ നിഷേധിക്കുന്നവരെയും കാത്തിരിക്കുന്നത് അതുതന്നെയാണ്. അല്ലാഹു ഒരു നാട്ടിലേക്ക് ദൂതനെ അയക്കുകയും അവിടെയുള്ള ആഡം

ബരപ്രിയർ അദ്ദേഹത്തെ നിഷേധിക്കുകയും ചെയ്യുന്നു. അവർ സ്വജീവിതത്തിൽ ധിക്കാരവും അഹങ്കാരവും കാണിക്കുകയും ചെയ്യുന്നു.

(35). (അവർ പറഞ്ഞു: ഞങ്ങൾ കൂടുതൽ സ്വത്തുക്കളും സന്താനങ്ങളും ഉള്ളവരുമാകുന്നു) സത്യം പിന്തുടരുന്നവരാണ്. (ഞങ്ങൾ ശിക്ഷിക്കപ്പെടുന്നവരല്ല) അതായത്, ഒന്നാമതായി ഞങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടില്ല. ഇനി ഉയിർത്തെഴുന്നേറ്റാലും ഞങ്ങൾക്ക് സമ്പത്തും സന്താനങ്ങളും തന്നവൻ പരലോകത്തും ഞങ്ങൾക്ക് ആ സൗഭാഗ്യങ്ങൾ നൽകും. ഞങ്ങൾ ശിക്ഷിക്കപ്പെടില്ല.

(36). അല്ലാഹു അവരോട് പ്രതികരിച്ചത്: ഉപജീവനം വിശാലമാകുന്നതോ കുടുസ്സാകുന്നതോ അവരുടെ വാദത്തിന് തെളിവല്ല. ഉപജീവനം അല്ലാഹുവിന്റെ ഉദ്ദേശ്യമനുസരിച്ചാണ്. ഉദ്ദേശിക്കുന്ന ദാസന് വിശാലമായി നൽകും. ഉദ്ദേശിക്കുന്നവർക്ക് അത് കുടുസ്സാവുകയും ചെയ്യും.

(37). (നിങ്ങളുടെ സമ്പത്തും സന്താനങ്ങളും ഒന്നും നമ്മുടെ അടുക്കൽ നിങ്ങൾക്ക് സാമീപ്യം ഉണ്ടാക്കിത്തരുന്നവയല്ല) പ്രവാചകന്മാർ കൊണ്ടുവന്നതിലുള്ള വിശ്വാസവും അതിനനുസരിച്ചുള്ള കർമങ്ങളുമാണ് ഒരാളെ അവനിലേക്ക് അടുപ്പിക്കുന്നത്. അവർക്കാണ് അവന്റെയടുക്കൽ ഇരട്ടി പ്രതിഫലമുള്ളത്. ഒരു നന്മക്ക് പത്തിരട്ടി മുതൽ എഴുപത് ഇരട്ടി വരെ അല്ല, അത് എത്ര ഇരട്ടിയാണെന്ന് അല്ലാഹുവിനേ അറിയൂ. (അവർ ഉന്നതസൗധങ്ങളിൽ നിർഭയരായി കഴിയുന്നതാണ്) ഉയർന്ന ഭവനങ്ങളിൽ അവർ നിർഭയരായി വസിക്കും. അവരുടെ സുഖസന്തോഷങ്ങൾക്ക് ഭംഗം വരുന്ന എല്ലാ പ്രശ്നങ്ങളിൽനിന്നും അവർ സുരക്ഷിതരായിരിക്കും. അത് ഉപേക്ഷിക്കേണ്ടിവരുമെന്ന ഭയമോ ദുഃഖമോ അവർക്കില്ല

(38) (-നമ്മെ-തോൽപിക്കാനായി നമ്മുടെ ദൃഷ്ടാന്തങ്ങളെ എതിർക്കാൻ ശ്രമിക്കുന്നവരാരോ) നമ്മുടെ ദൂതന്മാരെ കളവാക്കാനും നമ്മുടെ ദൃഷ്ടാന്തങ്ങൾ തെറ്റാണെന്ന് കാണിക്കാനും പരിശ്രമിക്കുന്നവർ. (അവർ ശിക്ഷയിൽ ഹാജരാക്കപ്പെടുന്നവരാകുന്നു).

(39). തുടർന്നും അല്ലാഹു ആവർത്തിച്ചു പറയുന്നു: (താൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം വിശാലമാക്കുകയും താൻ ഉദ്ദേശിക്കുന്നവർക്ക് ഇടുങ്ങിയതാക്കുകയും ചെയ്യുന്നതാണ്) തുടർന്ന് പറയുന്നത്: (നിങ്ങൾ എന്തൊന്ന് ചെലവഴിച്ചാലും അവൻ അതിന് പകരം നൽകുന്നതാണ്) ബന്ധുക്കൾ, അയൽക്കാർ, ദരിദ്രർ എന്നിവർക്കായി നിർബന്ധദാനമായോ ഐച്ഛിക ദാനമായോ നൽകുന്നത്. (അവൻ) അല്ലാഹു (അതിന് പകരം നൽകും). അതിനാൽ ദാനം ചെയ്യുന്നത് ഒരാളുടെ സമ്പത്ത് കുറക്കുമെന്ന് വിചാരിക്കരുത്. മറിച്ച്, ചെലവഴിക്കുന്നവന് വീണ്ടും നൽകുമെന്നും ഉപജീവനം വിശാലമാക്കുമെന്നും ഉറപ്പ് നൽകുന്നു. (അവൻ ഉപജീവനം നൽകുന്നവരിൽ ഏറ്റവും ഉത്തമനത്രെ) അതിന് വേണ്ടി കൽപിക്കപ്പെട്ട കാരണങ്ങളിൽ പരിശ്രമിക്കുകയും ചെയ്യുക.

(40,41). (അവരെ മുഴുവൻ അവൻ ഒരുമിച്ച് കൂട്ടുന്ന ദിവസം) അല്ലാഹു അല്ലാത്തവരെ ആരാധിച്ചിരുന്നവരെയും; അവനുപുറമെ മലക്കുകളിൽനിന്നും ആരാധിക്കപ്പെടുന്നവരെയും. (എന്നിട്ടവൻ ചോദിക്കും) അല്ലാഹു. (മലക്കുകളോട്) അവരെ ആരാധിച്ചിരുന്നവരെ ശാസിച്ചുകൊണ്ട്. (നിങ്ങളെയാണോ ഈ കൂട്ടർ ആരാധിച്ചിരുന്നത്?) അവരെ ആരാധിച്ചിരുന്നതിനെ അപ്പോൾ അവർ നിരാകരിക്കും. (അവർ പറയും: നീ എത്ര പരിശുദ്ധൻ) പങ്കാളികളോ സമന്മാരോ ഉണ്ടാകുന്നതിൽനിന്ന് നീ മഹാപരിശുദ്ധൻ. (നീയാണ് ഞങ്ങളുടെ രക്ഷാധികാരി; അവരല്ല) നിന്റെ സംരക്ഷണം ഞങ്ങൾക്ക് അനിവാര്യമാണ്. അപ്പോൾ ആരാധനക്കായി ഞങ്ങൾ മറ്റുള്ളവരെ എങ്ങനെ വിളിക്കും? നിന്നെ കൂടാതെ ആരാധ്യരെയും പങ്കാളികളെയും സ്വീകരിക്കുന്നത് ഞങ്ങൾക്കെങ്ങനെ ശരിയാകും (എന്നാൽ) ഈ ബഹുദൈവ വിശ്വാസികൾ (ജിന്നുകളെ ആയിരുന്നു ആരാധിച്ചിരുന്നത്). അതായത്, പിശാചുക്കളെ. ഞങ്ങളെയോ മറ്റുള്ളവരെയോ ആരാധിക്കാൻ ആ പിശാചുക്കൾ അവരോട് കൽപിച്ചു. അതവർ അനുസരിച്ചു. ആ അനുസരണം അവർക്കുള്ള ആരാധനയാണ്. കാരണം ആരാധന അനുസരണമാണ്. തന്നോടൊപ്പം മറ്റു ആരാധ്യരെ സ്വീകരിച്ചവരോടെല്ലാം അല്ലാഹു പറയുന്നുണ്ട്:

أَلَمْ أَعْهَدْ إِلَيْكُمْ يَٰبَنِىٓ ءَادَمَ أَن لَّا تَعْبُدُوا۟ ٱلشَّيْطَٰنَ ۖ إِنَّهُۥ لَكُمْ عَدُوٌّ مُّبِينٌ ﴿٦٠﴾ وَأَنِ ٱعْبُدُونِى ۚ هَٰذَا صِرَٰطٌ مُّسْتَقِيمٌ ﴿٦١﴾

"ആദം സന്തതികളേ, ഞാൻ നിങ്ങളോട് അനുശാസിച്ചിട്ടില്ലേ, നിങ്ങൾ പിശാചിനെ ആരാധിക്കരുതെന്ന്? തീർച്ചയായും അവൻ നിങ്ങൾക്ക് പ്രത്യക്ഷ ശത്രുവാകുന്നു. നിങ്ങൾ എന്നെ ആരാധിക്കുവിൻ. ഇതാണ് നേരായ മാർഗം" (36:60,61).

(അവരിൽ അധികപേരും അവരിൽ വിശ്വസിക്കുന്നവരത്രെ) അതായത് ജിന്നുകളിൽ വിശ്വസിക്കുകയും അവർക്ക് കീഴൊതുങ്ങുകയും ചെയ്തു. കാരണം വിശ്വാസം സത്യപ്പെടുത്തലും കീഴൊതുങ്ങലുമാണ്.

സുഫ്‌യാൻ അബ്ദുസ്സലാം
: 81296 17676

നിയമത്തിൽ പൊതിഞ്ഞ ഹിന്ദുത്വ വിമർശനങ്ങളുമായാണ് ദേശീയ ബാലാവകാശ കമ്മീഷൻ മദ്‌റസകൾക്കെതിരെ ഉടവാളെടുത്തിരിക്കുന്നത്. കോടതിയുടെ ഇടപെടലോടെ നടപടി മരവിപ്പിച്ചെങ്കിലും ഡിപ്പാർട്ട്മെന്റിന് യാതൊരു മനസ്താപവുമില്ലെന്ന് വേണം അനുമാനിക്കാൻ. മാറേണ്ടത് മദ്‌റസകളോ, കമ്മീഷന്റെ തലതിരിഞ്ഞ സമീപനമോ?

ദേശീയ ബാലാവകാശ കമ്മീഷൻ മദ്‌റസബോർഡുകൾ അടച്ചുപൂട്ടണമെന്നും അവയ്ക്കുള്ള ധനസഹായം അവസാനിപ്പിക്കണമെന്നുമുള്ള നിർദേശം മുന്നോട്ടുവച്ചതോടെ രാജ്യത്തെ മദ്‌റസകൾ വീണ്ടും ശ്രദ്ധാകേന്ദ്രങ്ങളാവുകയാണ്. സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ചീഫ് സെക്രട്ടറിമാർക്ക് ദേശീയ ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ പ്രിയങ്ക് കാനുംഗോ അയച്ച കത്തിലാണ് നിർദേശങ്ങൾ വന്നിട്ടുള്ളത്.

ഒന്നും രണ്ടും മോദി സർക്കാരുകൾ തുടങ്ങിവച്ച മുസ്‌ലിം വിരുദ്ധ നയങ്ങളുടെ ആവർത്തനമാണ് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാവുന്ന തരത്തിലുള്ള നടപടികളാണ് കമ്മീഷന്റെതായി പുറത്തുവന്നിട്ടുള്ളത്. ഒന്നും രണ്ടും മോദി സർക്കാറുകൾക്ക് വ്യക്തമായ ഭൂരിപക്ഷവും ആധിപത്യവുമുണ്ടായിരുന്നെങ്കിൽ മൂന്നാം മോദി സർക്കാർ ഘടകകക്ഷികളുടെ കാരുണ്യത്തിൽ മാത്രമാണ് നിലകൊള്ളുന്നത്. എങ്കിലും അതൊന്നും തങ്ങൾക്ക് ബാധകമല്ലെന്ന വിധത്തിലുള്ള വിധ്വംസക നിലപാടിലൂടെയാണ് സർക്കാർ മുന്നോട്ടു പോകുന്നത് എന്ന് ഇത് വ്യക്തമാക്കുന്നു. മുസ്‌ലിം വക്ഫ് സ്വത്തുക്കൾ പിടിച്ചെടുക്കാൻ ഉദ്ദേശ്യമിട്ടുകൊണ്ടുള്ള നിയമഭേദഗതികൾക്ക് തുടക്കം കുറിച്ചുകൊണ്ടാണ് മൂന്നാം മോദി സർക്കാർ അധികാരത്തിൽ വന്നത്. അതിനെക്കുറിച്ചുള്ള ചർച്ചകൾ എവിടെയും എത്താതെ നിൽക്കുമ്പോഴാണ് മദ്‌റസകളെ കുന്തമുനകളിൽ നിർത്തി പുതിയ പരീക്ഷണങ്ങൾക്ക് സർക്കാർ തയ്യാറാവുന്നത്.

**എന്താണ് കമ്മീഷൻ റിപ്പോർട്ട്?**

ദേശീയ ബാലാവകാശ കമ്മീഷൻ അഥവാ National Commission for



# മദ്റസകളും ബാലാവകാശ കമ്മീഷനും സുപ്രീംകോടതി വിധിയും

Protection of Child Rights (NCPCR) ഒക്ടോബർ 11നു പുറപ്പെടുവിച്ച 69 പേജുള്ള റിപ്പോർട്ടിന് 11 അധ്യായങ്ങളാണുള്ളത്. റിപ്പോർട്ടിലൂടെ പറയാൻ ഉദ്ദേശിച്ച കാര്യങ്ങൾ ചുരുക്കി അതിന്റെ കവറിംഗ് ലെറ്ററിൽ കുറിച്ചിട്ടുണ്ട്. ലെറ്ററിന്റെ സബ്ജക്റ്റായി നൽകിയതിൽനിന്നും റിപ്പോർട്ടിന്റെ ഉദ്ദേശ്യം വളരെ വ്യക്തമാണ്. തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിലാണ് സബ്ജക്റ്റ് നൽകിയിട്ടുള്ളത്. 'വിശ്വാസത്തിന്റെ സംരക്ഷകരോ അതോ അവകാശങ്ങളെ അടിച്ചമർത്തുന്നവരോ; കുട്ടികളുടെ ഭരണഘടനാപരമായ അവകാശങ്ങളും മദ്റസകളും തമ്മിലുള്ള പോരാട്ടം' (Guardians of Faith or Oppressors of Rights: Constitutional Rights of Children Vs Madrasas) എന്നിങ്ങനെയാണ് വിഷയമായി നൽകിയിട്ടുള്ളത്.

### വിശ്വാസത്തിന്റെ സംരക്ഷകരോ?

മദ്റസകളെക്കുറിച്ച് സംഘ്പരിവാറിന്റെ ശൈലിയിൽ ആക്ഷേപരൂപത്തിലാണ് കമ്മീഷൻ സംസാരിച്ചു തുടങ്ങുന്നത്. 'വിശ്വാസത്തിന്റെ സംരക്ഷകരോ' എന്ന ചോദ്യത്തിൽനിന്നും അത് വ്യക്തമാണ്. മദ്റസകൾ വിശ്വാസത്തിന്റെ സംരക്ഷണത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് സ്ഥാപിക്കപ്പെട്ടിട്ടുള്ളതും പ്രവർത്തിച്ചുവരുന്നതും എന്ന കാര്യത്തിൽ ഒരു സംശയവും വേണ്ടതില്ല. വിശ്വാസ സംരക്ഷണം ഭരണഘടന നൽകുന്ന അവകാശമാണ്. അതിൽ ഭൂരിപക്ഷമെന്നോ ന്യൂനപക്ഷമെന്നോ വ്യത്യാസമില്ല. ശബരിമലയിൽ നടന്നുവരുന്ന ആചാരങ്ങൾ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലുള്ള സാമ്പ്രദായിക രീതികളിലാണ് നടന്നുവരുന്നതെന്നും അതിൽ ഭേദഗതി കൊണ്ടുവരാൻ സർക്കാറുകൾക്ക് അവകാശമില്ലെന്നും വിധി പറഞ്ഞത് രാജ്യത്തെ കോടതികൾതന്നെയാണ്. ഓരോ മതവിഭാഗത്തിനും അവരുടെ വിശ്വാസം അത്രമാത്രം പ്രധാനമാണ്.

ഭരണഘടനയുടെ 19, 25, 26, 28 എന്നീ അധ്യായങ്ങൾ വിശ്വാസങ്ങൾക്ക് സംരക്ഷണം നൽകുമ്പോൾ ആർട്ടിക്കിൾ 30 ന്യൂനപക്ഷ മതവിഭാഗങ്ങളുടെവിശ്വാസപരമോ സാംസ്കാരികമോ ആയ കാര്യങ്ങളുടെ പഠനത്തിനും സംരക്ഷണത്തിനും വേണ്ടി വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാനുള്ള അവകാശം കൂടി നൽകുന്നു. മാത്രവുമല്ല അത്തരം സ്ഥാപനങ്ങൾക്ക് സഹായം നൽകുന്ന കാര്യത്തിൽ ഭരണകൂടം വിവേചനം കാണിക്കാൻ പാടില്ലെന്നുകൂടി പ്രസ്തുത ആർട്ടിക്കിൾ വ്യക്തമാക്കുന്നുണ്ട്. ഈ വസ്തുതകളുടെ വെളിച്ചത്തിൽ വിശ്വാസ സംരക്ഷണത്തിനായി മദ്റസകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അതിന്റെ പേരിൽ കമ്മീഷൻ ഒരിക്കലും അസ്വസ്ഥമാകേണ്ട കാര്യമില്ല.

### അവകാശങ്ങളെ അടിച്ചമർത്തുന്നവരോ?

കമ്മീഷന്റെ മദ്റസകളെക്കുറിച്ചുള്ള രണ്ടാമത്തെ പരിഹാസം 'അവകാശങ്ങളെ അടിച്ചമർത്തുന്നവരോ' എന്നാണ്. നമ്മുടെ രാജ്യത്തെ വിദ്യാർഥികൾക്ക് മതഭേദമന്യെ പൊതുവിദ്യാഭ്യാസം നൽകണമെന്നത് ഭരണഘടനാപരമായ ബാധ്യതയാണ്. വിദ്യാഭ്യാസം അവകാശമാണ്. ഇതിൽനിന്ന് ഒരാൾക്കും പിന്നോട്ടു പോകാൻ സാധിക്കില്ല. എന്നാൽ വിദ്യാഭ്യാസം അവകാശമായി നമ്മുടെ രാജ്യം പ്രഖ്യാപിച്ചത് 2002 ലെ 86ാം ഭരണഘടനാ ഭേദഗതിയിലൂടെ മാത്രമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഭരണഘടനയുടെ 21ാം അനുച്ഛേദത്തിന്റെ ഉപവിഭാഗമായി 21-എ സ്ഥാനം പിടിച്ചത്. അതിൽ പറയുന്നത് ഇങ്ങനെയാണ്: 'വിദ്യാഭ്യാസത്തിനുള്ള അവകാശം (Right to Education): ആറു മുതൽ

പതിനാലു വരെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകൽ രാഷ്ട്രത്തിന്റെ ബാധ്യതയാണ്.'

**വിദ്യാഭ്യാസ അവകാശനിയമവും മദ്റസകളും**

2002 ഡിസംബറിൽ കൊണ്ടുവന്ന ഈ അനുച്ഛേദത്തിന്റെ അടിസ്ഥാനത്തിൽ നിയമങ്ങൾ ഉണ്ടാക്കുവാൻ ഏഴു വർഷമെടുത്തു. പഠനം നടത്തിയ സർക്കാർ സമിതികൾ സമർപ്പിച്ച റിപ്പോർട്ടുകൾ പലപ്പോഴും ധനകാര്യ മന്ത്രാലയം അമിത സാമ്പത്തിക ബാധ്യത പറഞ്ഞു തള്ളുകയാണുണ്ടായത്. 2009ൽ മാത്രമാണ് വിദ്യാഭ്യാസ അവകാശ നിയമം (Right to Education Act) നിലവിൽ വന്നത്. എന്നാൽ ഈ നിയമം നിലവിൽ വന്നതോടെ രാജ്യത്തെ നിരവധി മതങ്ങളുടെ കീഴിൽ നടക്കുന്ന മതാധ്യാപന സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർഥികളുടെ കാര്യം അങ്കലാപ്പിലായി. മതം പഠിക്കാൻ താൽപര്യപ്പെട്ടുകൊണ്ട് മുസ്‌ലിം മദ്റസകളിലും ഹിന്ദു വേദപാഠശാലകളിലും ഇതര മതങ്ങളുടെ മതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും ചേർന്ന് പഠനം നടത്തിക്കൊണ്ടിരിക്കുന്ന കുട്ടികളെ ഒരു സുപ്രഭാതത്തിൽ അവിടങ്ങളിൽനിന്നും പുറത്തുകൊണ്ടുവന്ന് പൊതുവിദ്യാലയങ്ങളിൽ ചേർക്കുക എന്നത് പ്രയോഗികമായിരുന്നില്ല.

**മദ്റസകൾക്ക് വിടുതൽ**

അത് ബോധ്യപ്പെട്ട സർക്കാർ 2012 ആഗസ്റ്റിൽ വിദ്യാഭ്യാസ അവകാശ നിയമത്തിൽ ഭേദഗതി കൊണ്ടുവന്നു. നിയമത്തിന്റെ ഒന്നാം വകുപ്പിൽ അഞ്ചാമത്തെ ഇനമായി (1/5) ഇങ്ങനെ എഴുതിച്ചേർത്തു: “Nothing contained in this Act shall apply to madrasas, Vedic Pathshalas and Educational Institutions primarily imparting religious instruction” (ഈ നിയമത്തിൽ അടങ്ങിയിരിക്കുന്ന ഒന്നും മുസ്‌ലിം മദ്റസകൾക്കും ഹിന്ദു വേദപാഠശാലകൾക്കും പ്രാഥമിക മതപഠനം പകർന്നുനൽകുന്ന മറ്റു മതസ്ഥരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ബാധകമല്ല).

**വേദപാഠശാലകൾക്ക് ബാധകമല്ലേ?**

ഇപ്പോൾ പുതിയ റിപ്പോർട്ടിലൂടെ ബാലാവകാശ കമ്മീഷൻ മദ്റസകളെക്കുറിച്ച് മാത്രം സംസാരിക്കുകയും വേദപാഠശാലകളെക്കുറിച്ചും മറ്റു മത വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചും മൗനം പാലിക്കുകയും ചെയ്യുന്നതിൽനിന്നും ഉദ്ദേശ്യം വളരെ വ്യക്തമാണ്. മദ്റസകളിൽ പഠിക്കുന്ന കുട്ടികൾക്ക് മാത്രമാണോ ബാലാവകാശം, മറ്റുള്ളവർക്ക് അത് ആവശ്യമില്ലേ തുടങ്ങിയ ചോദ്യങ്ങൾക്ക് കൂടി ബാലാവകാശ കമ്മീഷൻ മറുപടി പറയേണ്ടതുണ്ട്. ഹിന്ദുമതം പഠിക്കുന്ന വിദ്യാർഥികൾക്ക് അവരുടെ വേദപാഠശാലകളിൽ ചേർന്ന് പഠിക്കാനുള്ള അവകാശത്തെ ഹനിക്കുവാൻ പാടില്ലെന്നു തന്നെയാണ് മുസ്‌ലിം സമുദായത്തിന്റെയും അഭിപ്രായം.

**സച്ചാർ കമ്മിറ്റിയും മദ്റസകളും**

അതേസമയം ഈ നിയമം രൂപംകൊള്ളുകയും അതിന്മേലുള്ള സജീവമായ ചർച്ച നടന്നുകൊണ്ടിരിക്കുകയും ചെയ്തിരുന്ന 2006 കാലഘട്ടത്തിലാണ് സച്ചാർ കമ്മിറ്റി റിപ്പോർട്ട് പുറത്തുവന്നത്. മുസ്‌ലിം സമുദായത്തിന്റെ പിന്നാക്കാവസ്ഥ പഠിച്ച സച്ചാർ കമ്മിറ്റി പറഞ്ഞത് മുസ്‌ലിം സമുദായത്തെ പുരോഗതിയിലേക്ക് കൊണ്ടുവരണമെങ്കിൽ പൊതുവിദ്യാഭ്യാസ മണ്ഡലങ്ങളിലേക്കും ഉദ്യോഗ മേഖലയിലേക്കും അവരെ ആകർഷിക്കത്തക്ക വിധത്തിലുള്ള പദ്ധതികൾ അനിവാര്യമാണ് എന്നാണ്. നിലവിലുള്ള മദ്റസ സംവിധാനങ്ങളെ ഇല്ലാതാക്കുന്നതിന് പകരം മദ്റസകളിൽ കൂടുതൽ ഭൗതിക പഠന സാഹചര്യം ഉണ്ടാവണമെന്നാണ് സച്ചാർ നിർദേശിച്ചത്. അതിന്റെ അടിസ്ഥാനത്തിലാണ് മദ്റസകളെ ഹയർ സെക്കണ്ടറി ബോർഡുമായി ബന്ധപ്പെടുത്താനുള്ള തീരുമാനമുണ്ടായത്; ഡിഫൻസ്, സിവിൽ, ബാങ്കിംഗ് പരീക്ഷകൾക്ക് മദ്റസ സർട്ടിഫിക്കറ്റുകൾ അടിസ്ഥാന യോഗ്യതയാക്കാനും മദ്റസകൾക്ക് ഗ്രാൻഡ് ഏർപ്പെടുത്താനുമുള്ള തീരുമാനമുണ്ടായത്.

> വൈജ്ഞാനിക രംഗത്ത് ജ്വലിച്ചുനിന്നിരുന്ന മദ്റസയുടെ പ്രസക്തി ഇല്ലായ്മ ചെയ്യാൻ ബ്രിട്ടീഷുകാർ കണ്ടെത്തിയ തന്ത്രമായിരുന്നു ഇംഗ്ലീഷ് മീഡിയം സംവിധാനങ്ങൾ. എന്നാൽ ഈ ഗൂഢാലോചന മനസ്സിലാക്കിയ മുസ്‌ലിം പണ്ഡിതന്മാർ മദ്റസകളെ നവീകരിക്കാനുള്ള ശ്രമം തുടങ്ങുകയും അവിടങ്ങളിലും ഇംഗ്ലീഷ് പഠനം ആരംഭിക്കുകയും ചെയ്തു. അതേസമയം കുറെ മദ്റസകൾ യാഥാസ്ഥിതിക സമീപനം തുടരുകയും നവീകരിക്കപ്പെടാൻ വിസമ്മതിക്കുകയും ചെയ്തു. അവിടെ പഠിച്ചുവന്ന വിദ്യാർഥികൾക്ക് ഭൗതിക പഠനത്തിനുള്ള സാഹചര്യം ഇല്ലാതാവുകയും ചെയ്തു.

**മദ്റസാ ശാക്തീകരണ നടപടികൾ**

മദ്റസകളെ ഉപയോഗപ്പെടുത്തി മുസ്‌ലിം സമുദായത്തെ വിദ്യാഭ്യാസപരമായി കൈപിടിച്ചുയർത്താനായിരുന്നു മൻമോഹൻ സിംഗ് സർക്കാർ ശ്രമിച്ചിരുന്നത് എന്ന യാഥാർഥ്യമാണ് ഇത് വ്യക്തമാക്കുന്നത്. അങ്ങനെയാണ് മദ്റസകളിൽ ഏരിയ ഇന്റൻസീവ് ആൻഡ് മദ്റസ

മോർഡനൈസേഷൻ സ്കീം നടപ്പാക്കി തുടങ്ങിയത്. മദ്റസയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, ആധുനിക ഭൗതിക വിദ്യാഭ്യാസം മദ്റസകളിലൂടെ നൽകുക തുടങ്ങിയ കാര്യങ്ങളാണ് പദ്ധതിയിലൂടെ നടന്നിരുന്നത്.

ന്യൂനപക്ഷ വിദ്യാഭ്യാസം ശാക്തീകരിക്കുന്നതിനായി 2004ൽ തന്നെ നാഷണൽ മോണിറ്ററിംഗ് കമ്മിറ്റി ഫോർ മൈനോറിറ്റീസ് എഡ്യൂക്കേഷൻ (NMCME) രൂപം കൊണ്ടിട്ടുണ്ടായിരുന്നു. മദ്റസകളിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിനായി "Scheme for Providing Quality Education in Madrasas' (SPQEM) എന്ന പേരിൽ പദ്ധതി നടപ്പാക്കിയത് ഈ കമ്മിറ്റിയായിരുന്നു. മദ്റസകളെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തുകയും അധ്യാപക പരിശീലനങ്ങൾ ഏർപ്പെടുത്തുകയും സംസ്ഥാന മദ്റസ ബോർഡുകൾ ശക്തിപ്പെടുത്തുകയും ചെയ്യുക തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ ഈ കമ്മിറ്റിയുടെ ഭാഗമായാണ് നടപ്പായത്. മദ്റസകൾ അടക്കമുള്ള ന്യൂനപക്ഷ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് മൈനോറിറ്റി ഇൻസ്റ്റിറ്റിയൂഷൻസ്-IDMI എന്ന പേരിലുള്ള പദ്ധതി 2009 മുതൽ പ്രവർത്തിക്കുന്നുണ്ട്.

### മദ്റസകൾക്കെതിരെ ഗൂഢതന്ത്രം

മദ്റസകൾ അടക്കമുള്ള ന്യൂനപക്ഷ സംവിധാനങ്ങളെ രാജ്യനിയമങ്ങളുടെ ഉള്ളിൽനിന്നുകൊണ്ട് നവീകരിക്കാനും അവയെ കാലോചിതമായി പുരോഗതിയിലേക്ക് കൊണ്ടുവരുവാനുമുള്ള നീക്കങ്ങളാണ് മുൻകാല സർക്കാറുകൾ ചെയ്തുവന്നിരുന്നത്. ഇത്തരം കാര്യം ചെയ്യുമ്പോൾ സമുദായത്തെ ബോധ്യപ്പെടുത്തുക കൂടി സർക്കാറുകൾ ചെയ്തിരുന്നു. എന്നാൽ 2014ൽ നരേന്ദ്രമോദി സർക്കാർ അധികാരത്തിൽ വന്നതുമുതൽ ഇതുപോലുള്ള കമ്മീഷനുകളെയും ഉദ്യോഗസ്ഥ സംവിധാനങ്ങളെയും ഉപയോഗപ്പെടുത്തി മുസ്‌ലിം സ്ഥാപനങ്ങൾ പൂട്ടിക്കുന്നതിന് വേണ്ടിയുള്ള ഗൂഢതന്ത്രങ്ങളാണ് ആവിഷ്കരിച്ചുവന്നത്.

### തെറ്റുധരിപ്പിക്കലുകൾ

മദ്റസകളെക്കുറിച്ച് വലിയ തെറ്റുധരിപ്പിക്കലുകളാണ് നടന്നുകൊണ്ടിരിക്കുന്നത്. മദ്റസൾ ഭീകരത പ്രചരിപ്പിക്കുന്നുവെന്നും അവിടങ്ങളിൽ മതതത്ത്വങ്ങൾ മാത്രമാണ് പഠിപ്പിക്കുന്നതെന്നും ഭൗതിക വിദ്യാഭ്യാസവും ആധുനിക വിജ്ഞാനങ്ങളും അവിടെയുള്ള കുട്ടികൾക്ക് ലഭിക്കുന്നില്ലെന്നും തുടങ്ങിയ ഊതിവീർപ്പിക്കപ്പെട്ട ആരോപണങ്ങളാണ് മദ്റസകൾക്കെതിരെ ഉന്നയിക്കപ്പെടുന്നത്. രാവിലെയും വൈകുന്നേരവുമായി ഏതാനും മണിക്കൂറുകൾ നടന്നുവരുന്ന മദ്റസകൾ രാജ്യത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ഒരു തടസ്സവും സൃഷ്ടിക്കുന്നില്ല. എന്നാൽ ഉത്തരേന്ത്യയിലടക്കമുള്ള ചില സംസ്ഥാനങ്ങളിൽ രാവിലെ മുതൽ വൈകുന്നേരം വരെ പ്രവർത്തിക്കുന്ന മദ്റസകളുണ്ട്. ഈ മദ്റസകളെക്കുറിച്ചാണ് കാര്യമായും ആക്ഷേപം ഉന്നയിക്കപ്പെടുനന്നത്. എന്നാൽ ഈ മദ്റസകളെക്കുറിച്ചുള്ള അജ്ഞതയും മുൻവിധിയുമാണ് ഇത്തരത്തിലുള്ള നിഗമനങ്ങളിലേക്ക് പലരെയും നയിക്കുന്നത്.

### മദ്റസകളും ആധുനിക വിദ്യാഭ്യാസവും

ഉത്തരേന്ത്യയിൽ മദ്റസകൾ ഉടലെടുത്ത കാലം തൊട്ടുള്ള ചരിത്രം പരിശോധിച്ചാൽ കേവല മതപഠനമോ ഖുർആൻ പാരായണമോ മനഃപാഠമാക്കലോ അല്ല അവിടങ്ങളിൽ നടന്നുവന്നിരുന്നത് എന്ന് മനസ്സിലാക്കാൻ കഴിയും. ഡൽഹി സുൽത്താന്മാരുടെയും മുഗളന്മാരുടെയും കാലങ്ങളിൽ ഏറെ വികസിച്ചുവന്ന മദ്റസ സംവിധാനങ്ങളിൽ ഭാഷ, വ്യാകരണം, സാഹിത്യം, ഇസ്‌ലാമിക നിയമങ്ങൾ, യുക്തിചിന്തകൾ, തത്ത്വശാസ്ത്രങ്ങൾ, ഖുർആൻ വ്യാഖ്യാനം, ഹദീസ്, ഫിലോസഫി തുടങ്ങിയ വിഷയങ്ങളും പ്രകൃതി-ഭൗതിക ശാസ്ത്രങ്ങൾ, ഖഗോളശാസ്ത്രം, ഭൂമിശാസ്ത്രം, കണക്ക് തുടങ്ങിയ ശാസ്ത്രവിഷയങ്ങളും അവിടുത്തെ പ്രധാന പഠനങ്ങളായിരുന്നു.

### ബ്രിട്ടീഷുകാരുടെ ഗൂഢതന്ത്രങ്ങൾ

ബ്രിട്ടീഷ് അധിനിവേശത്തിന് ശേഷം മദ്റസകൾക്കെതിരെ ഗൂഢാലോചനകൾ നടന്നു. ഇംഗ്ലീഷിന് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള സ്കൂളുകൾ ആരംഭിക്കുകയും അവിടെനിന്ന് പുറത്തിറങ്ങുന്ന വിദ്യാർഥികൾക്ക് മാത്രം ഉന്നത പഠനത്തിനും ഉദ്യോഗങ്ങൾക്കുമുള്ള അവസരം നൽകുകയും ചെയ്തപ്പോൾ മദ്റസകൾ പ്രതിസന്ധിയിലായി. ഇന്ത്യൻ സാഹചര്യത്തിൽ ഇംഗ്ലീഷിന്റെ ആവശ്യകത അനിവാര്യമായിരുന്നില്ല. വൈജ്ഞാനിക രംഗത്ത് ജ്വലിച്ചു നിന്നിരുന്ന മദ്റസയുടെ പ്രസക്തി ഇല്ലായ്മ ചെയ്യാൻ ബ്രിട്ടീഷുകാർ കണ്ടെത്തിയ തന്ത്രമായിരുന്നു ഇംഗ്ലീഷ് മീഡിയം സംവിധാനങ്ങൾ. എന്നാൽ ഈ ഗൂഢാലോചന മനസ്സിലാക്കിയ മുസ്‌ലിം പണ്ഡിതന്മാർ മദ്റസകളെ നവീകരിക്കാനുള്ള ശ്രമം തുടങ്ങുകയും അവിടങ്ങളിലും ഇംഗ്ലീഷ് പഠനം ആരംഭിക്കുകയും ചെയ്തു. അതേസമയം കുറെ മദ്റസകൾ യാഥാസ്ഥിതിക സമീപനം തുടരുകയും നവീകരിക്കപ്പെടാൻ വിസമ്മതിക്കുകയും ചെയ്തു. അവിടെ പഠിച്ചുവന്ന വിദ്യാർഥികൾക്ക് ഭൗതിക പഠനത്തിനുള്ള സാഹ

ചര്യം ഇല്ലാതാവുകയും ചെയ്തു. അതേസമയം വേദപാഠശാലകളിൽ ഇത്രയൊന്നും ഭൗതിക പഠനമോ ആധുനിക വിദ്യാഭ്യാസമോ നൽകുന്നില്ല എന്ന യാഥാർഥ്യത്തിനു നേരെ നമ്മുടെ കമ്മീഷനുകൾ കണ്ണടക്കുകയാണ്.

**കോടതികൾ മദ്റസകൾക്ക് അനുകൂലം**

മതന്യൂനപക്ഷങ്ങൾക്ക് സ്വന്തം വിശ്വാസവും സംസ്കാരവും നിലനിർത്തുന്നതിന് വേണ്ടിയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഭരണഘടന നൽകുന്ന അവകാശമാണ്. അതിനെതിരെ ഏത് കമ്മീഷൻ നിലപാടെടുത്താലും അന്തിമമായി അത് നിലനിൽക്കില്ല. പലരും പരിശ്രമിച്ച് പരാജയപ്പെട്ട വിഷയമാണത്. യോഗി ഭരിക്കുന്ന ഉത്തർപ്രദേശിലാണ് ആദ്യമായി മദ്റസകൾക്കെതിരെയുള്ള പരീക്ഷണം ആരംഭിച്ചത്. ഇക്കഴിഞ്ഞ മാർച്ചിലാണ് സംഭവം. ഉത്തർപ്രദേശ് മദ്റസ ബോർഡിനെ നിർവീര്യമാക്കുകയും സംസ്ഥാനത്തെ 16000 മദ്റസകളിൽ പഠിക്കുന്ന 17 ലക്ഷം വിദ്യാർഥികളെ പൊതുവിദ്യാലയങ്ങളിലേക്ക് മാറ്റണമെന്ന് നിർദേശിക്കുകയും ചെയ്തുകൊണ്ടുള്ള സംസ്ഥാന സർക്കാറിന്റെ തീരുമാനം അലഹബാദ് ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടുവെങ്കിലും സർക്കാർ നടപടി കോടതി അംഗീകരിച്ചിരുന്നു. 2004 ൽ രൂപംകൊണ്ട യുപി മദ്റസ ബോർഡ് ഭരണഘടനാവിരുദ്ധമാണെന്ന് ശരിവച്ച അലഹബാദ് ഹൈക്കോടതി അന്നു പറഞ്ഞത് മദ്റസകൾ മതേതരത്വത്തിന് കടകവിരുദ്ധമാണ് എന്ന വിചിത്ര ന്യായമായിരുന്നു.

**സുപ്രീംകോടതിയുടെ നിരീക്ഷണം**

ഈ വിധിയെ ചോദ്യം ചെയ്തുകൊണ്ട് യുപി മദ്റസ ബോർഡ് സുപ്രീംകോടതിയെ സമീപിച്ചു. സുപ്രീംകോടതി അലഹബാദ് ഹൈക്കോടതിയുടെ വിധി പ്രഥമദൃഷ്ട്യാതന്നെ അബദ്ധമാണെന്ന് വിധിപറഞ്ഞു. സുപ്രീംകോടതി അന്ന് ചൂണ്ടിക്കാണിച്ച പോയന്റുകൾ ഇങ്ങനെ സംഗ്രഹിക്കാം: 'മദ്റസബോർഡുകൾ സ്വയം നിയന്ത്രിത സ്വഭാവത്തിലല്ല പ്രവർത്തിക്കുന്നത്. കൃത്യമായ നിയമങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മദ്റസ ബോർഡ് മതനിരപേക്ഷയെ ഒരിക്കലും ബാധിക്കുന്ന വിധത്തിലല്ല പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ അവിടെ പഠിക്കുന്ന 17 ലക്ഷം വിദ്യാർഥികളെ മറ്റു സ്കൂളുകളിലേക്ക് മാറ്റേണ്ട യാതൊരു ആവശ്യവുമില്ല; അത് പ്രയോഗികവുമല്ല. മദ്റസകൾ ഗണിതം, ശാസ്ത്രം, ചരിത്രം, ഭാഷകൾ തുടങ്ങിയ പ്രധാന വിഷയങ്ങളിൽ മതേതര വിദ്യാഭ്യാസം നൽകുന്നുവെന്ന് ഉറപ്പാക്കുകയാണ് പൊതുതാൽപര്യ ഹരജിയുടെ ഉദ്ദേശമെങ്കിൽ, 2004ലെ മദ്റസ നിയമത്തിലെ വ്യവസ്ഥകൾ റദ്ദാക്കലല്ല പരിഹാരം.'

**കമ്മീഷനുകൾ കോടതിക്കും മുകളിലോ?**

ഈ വിധി വന്ന് ആറു മാസം കഴിയുന്നതിന് മുമ്പാണ് ബാലാവകാശ കമ്മീഷന്റെ അനാവശ്യമായ ഇടപെടൽ ഉണ്ടാവുന്നത്. കോടതികളെപ്പോലും മറികടക്കുന്ന വിധത്തിലുള്ള തീരുമാനങ്ങൾ കമ്മീഷനുകൾ പുറപ്പെടുവിപ്പിക്കുന്നത് സംഘ്ഭരണ കാലത്തല്ലാതെ മറ്റൊരു കാലത്തും ഉണ്ടായിട്ടില്ല. സുപ്രീംകോടതി വിധി വന്നതിന് ശേഷവും പിന്നെ എന്തിനാണ് കമ്മീഷനുകൾ അവയെ മറികടന്നു പ്രവർത്തിക്കാൻ ശ്രമിക്കുന്നത് എന്ന കാര്യം നിഗൂഢമാണ്. സംഘ്പരിവാറിന്റെ സമ്മർദങ്ങൾക്ക് വിധേയമായി പ്രവർത്തിക്കാൻ കമ്മീഷനുകൾ നിർബന്ധിതമാവുകയാണോ എന്ന കാര്യം അന്വേഷിക്കപ്പെടേണ്ടതാണ്. മദ്റസകൾക്കെതിരെയുള്ള ഉത്തരവുകൾ അധികകാലം നിലനിൽക്കുകയില്ല. സുപ്രീംകോടതി വീണ്ടും അത് തെളിയിച്ചിരിക്കുകയാണ്.

**സുപ്രീംകോടതിയുടെ പുതിയ സ്റ്റേ**

ഇതെഴുതിക്കൊണ്ടിരിക്കുമ്പോഴാണ് ബാലാവകാശ കമ്മീഷന്റെ നിർദേശങ്ങൾ സ്റ്റേ ചെയ്തുകൊണ്ടുള്ള സുപ്രീംകോടതി വിധി വന്നിരിക്കുന്നത്. ജംഇയ്യത്തുൽ ഉലമ എ ഹിന്ദ് സമർപ്പിച്ച പെറ്റിഷനിലാണ് വിധി. അനുച്ഛേദം 30 പ്രകാരമുള്ള ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനുള്ള ഭരണഘടനാപരമായ അവകാശങ്ങൾക്ക് നേരെയുള്ള ലംഘനമാണ് കമ്മീഷന്റെ നിർദേശങ്ങൾ എന്നായിരുന്നു ജംഇയ്യത്ത് വാദിച്ചത്. ഇത് കോടതി അംഗീകരിക്കുകയായിരുന്നു.

ബാലാവകാശ കമ്മീഷന്റെ 07.06.2024, 25.06.2024 തീയതികളിലെ കത്തുകളുടെയും ഉത്തർപ്രദേശ് ചീഫ് സെക്രട്ടറിയുടെ 26.06.2024,10.07.2024 തീയതികളിലെ ആശയവിനിമയങ്ങളുടെയും ത്രിപുര സർക്കാർ പുറപ്പെടുവിച്ച 28.08.2024 തീയതിയിലെ കത്തുകളുടെയും അടിസ്ഥാനത്തിൽ യാതൊരു പുനർനടപടികളും ഉണ്ടാവാൻ പാടില്ലെന്നും കോടതി നിർദേശിച്ചു.

**കമ്മീഷനെതിരെ രാഷ്ട്രീയ പ്രസ്ഥാനങ്ങളും**

ബാലാവകാശ കമ്മീഷന്റെ നിർദേശങ്ങൾക്കെതിരെ മുസ്‌ലിം സംഘടനകളും മദ്റസ പ്രസ്ഥാനങ്ങളും മാത്രമല്ല എതിർപ്പുമായി വന്നിട്ടുള്ളത്. പ്രതിപക്ഷ കക്ഷികൾക്ക് പുറമെ എൻഡിഎ മുന്നണിയിലെ ഘടകകക്ഷികളായ എൽജെപി അടക്കമുള്ള കക്ഷികളും രംഗത്ത് വന്നിട്ടുണ്ട്. ബാലാവകാശ കമ്മീഷന്റെ തീരുമാനം കോടതിയിൽ മാത്രമല്ല, രാജ്യത്തിന്റെ രാഷ്ട്രീയ സാമൂഹിക വ്യവസ്ഥിതികളും ഒരിക്കലും അംഗീകരിക്കാൻപോകുന്നില്ല. ■

ദുൽക്കർഷാൻ അലനല്ലൂർ
: 9447745299



# കേൾക്കാം; പ്രായംചെന്നവരെയും

വാർധക്യത്തിലെത്തിയ ഏതൊരാളുടെയും മനസ്സ് കഴിഞ്ഞകാല ജീവിതത്തെക്കുറിച്ചുള്ള ഓർമകളിലേക്ക് പറന്നുപോവുക സ്വാഭാവികമാണ്. ജീവിതത്തിൽ കുടുസ്സായതും വിശാലമായതുമായ പാതകളിലൂടെ സഞ്ചരിച്ചതിന്റെ സന്തോഷവും ദുഖവും നിറഞ്ഞ ഓർമകളിലേക്ക്.

കഴിഞ്ഞുപോയ ജീവിതത്തെക്കുറിച്ച് ഓരോ വ്യക്തിക്കും പലതും പറയാനുണ്ടാവും. മിക്കവാറും ആളുകൾക്ക് ഇല്ലായ്മയുടെ കൈപ്പേറിയതായിരിക്കും ഓർമകൾ. രാവിലെ മുതൽ വൈകുന്നേരം വരെ മുതലാളിയുടെ വീട്ടിൽ നെല്ല് കുത്തി വൈകുന്നേരം പ്രതിഫലമായി ലഭിക്കുന്ന ഒരു കിഴി അരിയുമായി സന്തോഷത്തോടെ വീട്ടിലേക്ക് മടങ്ങുന്ന സ്ത്രീകൾ. ചെറുപ്പത്തിലേ നാടുവിട്ട് കേരളത്തികത്തും പുറത്തുമായി ഹോട്ടൽ ജോലി ചെയ്തവർ, മൈസൂരിലെ കൂപ്പുകളിൽ മരം മുറിക്കുന്ന ജോലിയിൽ ഏർപ്പെട്ടവർ, ഈർച്ച മില്ലിൽ പണിയെടുത്തവർ... വയോവൃദ്ധരായ പലരും തമിഴ്, ഹിന്ദി, കന്നട, തെലുങ്കു പോലുള്ള ഭാഷകൾ വശമുള്ളവരാകാൻ കാരണം അന്നത്തിന് വക തേടിയുള്ള അവരുടെ നാടു വിടലാണ്.



പ്രായമായവരെ പരിഗണിക്കാനും സ്നേഹിക്കാനും അവരോടു കാരുണ്യം കാണിക്കാനും നാം തയ്യാറാകേണ്ടതുണ്ട്. അവരെ പ്രയാസപ്പെടുത്തുന്നതും വേദനിപ്പിക്കുന്നതുമായ സംസാരങ്ങളോ പ്രവർത്തനങ്ങളോ പെരുമാറ്റങ്ങളോ നമ്മിൽ നിന്നും വന്നുകൂടാ. പ്രായമായവരെ അർഹിക്കുന്ന രൂപത്തിൽ ആദരിക്കുകയും ബഹുമാനിക്കുകയും വേണം. നബി(സ്വ) അരുളി: "ചെറിയവരോട് കരുണ കാണിക്കാത്തവനും വലിയവരുടെ മഹത്ത്വം മനസ്സിലാക്കാത്തവനും വലിയവരെ ബഹുമാനിക്കാത്തവനും നമ്മിൽ പെട്ടവരല്ല" (തിർമിദി).

വർഷങ്ങളോളം അവർ നാടണയില്ല. കിട്ടുന്ന കാശ് മണിയോർഡറായി വീട്ടിലേക്ക് അയച്ചുകൊടുക്കും. ഉറ്റവരെയും ഉടയവരെയും കാണണം എന്നു തോന്നുമ്പോൾ, അല്ലെങ്കിൽ അസുഖം ബാധിക്കുമ്പോഴോ അപകടം പിണയുമ്പോഴോ നാട്ടിലേക്ക് മടങ്ങും. നാട്ടിൽ തിരിച്ചെത്തുമ്പോഴാകും കണ്ടിരുന്ന പല മുഖങ്ങളും മറഞ്ഞുപോയിട്ടുള്ളതായി അറിയുക. ഇന്നത്തേതുപോലെ അന്ന് മൊബൈൽ ഫോണോ ഇന്റർനെറ്റോ ഇല്ലല്ലോ. കത്തയച്ചാൽ കിട്ടുന്നത് ആഴ്ചകൾ കഴിഞ്ഞിട്ടാകും, കിട്ടിയില്ലെന്നും വരാം.

അവിവാഹിതർ നാടുവിട്ടാൽ വിവാഹം കഴിക്കുവാനാണ് വർഷങ്ങൾക്കുശേഷം തിരിച്ചെത്തുക. പിന്നെ കുടുബത്തിൽ മകൻ തിരിച്ചുവന്ന സന്തോഷവും അവനെക്കൊണ്ട് കല്യാണം കഴിപ്പിക്കേണ്ട ചർച്ചകളും സജീവമാകും.

വിവാഹം കഴിഞ്ഞ് കുട്ടികളൊക്കെയായാൽ പിന്നെ പ്രാരാബ്ധം വരിഞ്ഞുമുറുക്കും. പിഞ്ചോമനകളുടെ കുഞ്ഞുവയറുകൾ പട്ടിണിയറിയാതിരിക്കാൻ തന്നാലാവും വിധം ഏതു ജോലിക്കും തയ്യാറാകും. അന്ന് മലയാളികൾക്ക് ഏതു ജോലി ചെയ്യാനും മടിയില്ലായിരുന്നു. കണ്ണുകാണാനാകാത്ത വിധം കോരിച്ചൊരിയുന്ന പെരുമഴക്കാലത്തും അസഹ്യമായ ചൂടുള്ള വേനലിലും പാടത്തും പറമ്പിലും പണിയെടുത്ത് അവർ കുടുംബത്തെ പോറ്റി. മിക്കവാറും ദിവസങ്ങളിൽ ഉച്ചക്കും രാത്രിയും കഞ്ഞിയായിരിക്കും. ചേനത്തണ്ടും ചേമ്പിൻ തണ്ടും പൂളയുമൊക്കെയായിരിക്കും കൂട്ടാൻ. ചിക്കനും ബീഫുമൊക്കെ പെരുന്നാൾ ദിവസങ്ങളിൽ മാത്രം വിരുന്നെത്തുന്നവയായിരുന്നു.

അങ്ങനെ കഷ്ടപ്പെട്ട് ജീവിച്ച്, വാർധക്യത്തിലെത്തിയവർക്ക് പറയാനുണ്ട്; ഒരുപാട് കഥകൾ. ജീവിത യാഥാർഥ്യങ്ങൾ, അവർ പിന്നിട്ട കനൽപാതകൾ, നൊമ്പരങ്ങൾ, ആകുലതകൾ, ആശങ്കകൾ. വാർധക്യം ഒരു സുപ്രഭാതത്തിൽ അവരെ തേടിയെത്തിയതല്ല. അതൊരിക്കലും ഒരാളും ആഗ്രഹിച്ച് നേടുന്നതുമല്ല. മറിച്ച് അല്ലാഹു നിശ്ചയിച്ചിട്ടുള്ളതും അവന്റെ നടപടിക്രമങ്ങളുടെ ഭാഗവുമാണ്.

അല്ലാഹു പറയുന്നു: "നിങ്ങളെ ബലഹീനമായ അവസ്ഥയിൽനിന്നു സൃഷ്ടിച്ചുണ്ടാക്കിയവനാകുന്നു അല്ലാഹു. പിന്നെ ബലഹീനതയ്ക്കു ശേഷം അവൻ ശക്തിയുണ്ടാക്കി. പിന്നെ അവൻ ശക്തിക്കു ശേഷം ബലഹീനതയും നരയും ഉണ്ടാക്കി. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവനത്രെ സർവജ്ഞനും സർവശക്തനും" (ക്വുർആൻ 30:54).

"അല്ലാഹുവാണ് നിങ്ങളെ സൃഷ്ടിച്ചത്. പിന്നീട് അവൻ നിങ്ങളെ മരിപ്പിക്കുന്നു. നിങ്ങളിൽ ചിലർ ഏറ്റവും അവശമായ പ്രായത്തിലേക്ക് തള്ളപ്പെടുന്നു; (പലതും) അറിഞ്ഞതിനുശേഷം യാതൊന്നും അറിയാത്ത അവസ്ഥയിൽ എത്തത്തക്കവണ്ണം. തീർച്ചയായും അല്ലാഹു എല്ലാം അറിയുന്നവനും എല്ലാ കഴിവുമുള്ള വനുമാകുന്നു" (ക്വുർആൻ 16:70).

"വല്ലവന്നും നാം ദീർഘായു

സ്സ് നൽകുന്നുവെങ്കിൽ അവന്റെ പ്രകൃതി നാം തലതിരിച്ചുകൊണ്ടു വരുന്നു. എന്നിരിക്കെ അവർ ചിന്തിക്കുന്നില്ലേ?" (ഖുർആൻ 36:68).

"മനുഷ്യരേ, ഉയിർത്തെഴുന്നേൽപിനെ പറ്റി നിങ്ങൾ സംശയത്തിലാണെങ്കിൽ (ആലോചിച്ച് നോക്കുക:) തീർച്ചയായും നാമാണ് നിങ്ങളെ മണ്ണിൽനിന്നും, പിന്നീട് ബീജത്തിൽനിന്നും, പിന്നീട് ഭ്രൂണത്തിൽ നിന്നും, അനന്തരം രൂപംനൽകപ്പെട്ടതും രൂപം നൽകപ്പെടാത്തതുമായ മാംസപിണ്ഡത്തിൽനിന്നും സൃഷ്ടിച്ചത്. നാം നിങ്ങൾക്ക് കാര്യങ്ങൾ വിശദമാക്കിത്തരാൻ വേണ്ടി (പറയുകയാകുന്നു). നാം ഉദ്ദേശിക്കുന്നതിനെ നിശ്ചിതമായ ഒരു അവധിവരെ നാം ഗർഭാശയങ്ങളിൽ താമസിപ്പിക്കുന്നു. പിന്നീട് നിങ്ങളെ നാം ശിശുക്കളായി പുറത്ത് കൊണ്ടുവരുന്നു. അനന്തരം നിങ്ങൾ നിങ്ങളുടെ പൂർണശക്തി പ്രാപിക്കുന്നതു വരെ (നാം നിങ്ങളെ വളർത്തുന്നു). (നേരത്തെ) ജീവിതം അവസാനിപ്പിക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. അറിവുണ്ടായിരുന്നതിന് ശേഷം യാതൊന്നും അറിയാതാകും വിധം ഏറ്റവും അവശമായ പ്രായത്തിലേക്ക് മടക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്..." (ഖുർആൻ 22:5).

മുകളിൽ നൽകിയ ആയത്തുകളിൽ പരാമർശിച്ചതുപോലെ ജീവിതത്തിന്റെ അവസാന നാളുകൾ വാർധക്യത്തിൽ കഴിച്ചുകൂട്ടുന്നവർ മുഷിപ്പും മടുപ്പും വിരക്തിയും അവഗണനയും ഏറെ അനുഭവിക്കുന്നവരാണ്. അതിന് പ്രധാന കാരണം മക്കളും കുടുംബവും തന്നെയാണ്.

പ്രായമായവരെ പരിഗണിക്കാനും സ്നേഹിക്കാനും അവരോടു കാരുണ്യം കാണിക്കാനും നാം തയ്യാറാകേണ്ടതുണ്ട്. അവരെ പ്രയാസപ്പെടുത്തുന്നതും വേദനിപ്പിക്കുന്നതുമായ സംസാരങ്ങളോ പ്രവർത്തനങ്ങളോ പെരുമാറ്റങ്ങളോ നമ്മിൽ നിന്നും വന്നുകൂടാ. പ്രായമായവരെ അർഹിക്കുന്ന രൂപത്തിൽ ആദരിക്കുകയും ബഹുമാനിക്കുകയും വേണം.

നബി(സ്വ) അരുളി: "ചെറിയവരോട് കരുണ കാണിക്കാത്തവനും വലിയവരുടെ മഹത്ത്വം മനസ്സിലാക്കാത്തവനും വലിയവരെ ബഹുമാനിക്കാത്തവനും നമ്മിൽ പെട്ടവരല്ല" (തിർമിദി).

വാർധക്യത്തിലെത്തിയവരോട് സംസാരിച്ചിരിക്കാൻ സമയം കണ്ടെത്തണം. അവർക്ക് പറയാനുള്ളത് കേൾക്കാനുള്ള സന്മനസ്സ് കാണിക്കണം. ഒരു നല്ല കേൾവിക്കാരനാവാൻ നാം ബോധപൂർവം ശ്രദ്ധിക്കണം. വാർധക്യത്തിലെ അവശതയിലും അവരെ കേൾക്കാൻ ആളുണ്ടാകുന്നത് അവരെ സംബന്ധിച്ചിടത്തോളം വലിയ ആശ്വാസം തന്നെയാകും.

രണ്ട് വർഷം മുമ്പ് ഒരു പരസ്യം കണ്ടിരുന്നു; ജോലിക്ക് ആളെ അവശ്യമുണ്ട് എന്നതാണ് ടൈറ്റിൽ. താഴെ നൽകിയ വിവരമാണ് അത്ഭുതപ്പെടുത്തിയത്. അതായത്, ഉന്നതമായ ജോലിയിലുണ്ടായിരുന്ന ഒരു ഉദ്യോഗസ്ഥൻ. ജോലിയിൽനിന്നും വിരമിച്ച് വാർധക്യത്തിൽ വിശ്രമജീവിതം നയിക്കുന്നു. അദ്ദേഹത്തിന് സംസാരിക്കാനും ഇടക്കൊക്കെ അദ്ദേഹത്തിന്റെ കൂടെ പുറത്ത് പോകാനും ഒരാളെ ആവശ്യമുണ്ട്. അതിനാകട്ടെ ആകർഷകമായ ശമ്പളവുമുണ്ട്.

തനിക്ക് പറയാനുള്ള കാര്യങ്ങൾ കേൾക്കാൻ ഒരാളെ കിട്ടാതെ വരുമ്പോഴുള്ള മനുഷ്യന്റെ മനസ്സ് കൂട്ടിലടക്കപ്പെട്ട പക്ഷിയെപ്പോലെയാണ്. ചിറകുണ്ടായിട്ടും പറക്കാൻ കഴിയാത്ത, മറ്റുള്ളവരുടെ ദർശനം മാത്രം ലഭിച്ച് മുഷിപ്പിലും വിരക്തിയിലും കഴിച്ചുകൂട്ടേണ്ടി വരുന്ന ദുരവസ്ഥ. ഇത്തരം അവസ്ഥയിൽ കഴിയുന്നവർക്ക് സമാധാനവും സന്തോഷവും നൽകാനും അവർക്ക് താങ്ങും തണലുമായി വർത്തിക്കാനും നമുക്ക് സാധിക്കണം. അവരുടെ കണ്ണീരൊപ്പാനും അവരോടൊപ്പം സമയം ചെലവഴിക്കാനും ശ്രദ്ധിക്കണം. നമ്മുടെ സാമീപ്യം അവരുടെ കണ്ണിനും മനസ്സിനും കുളിർമ നൽകണം. നന്മ ചെയ്യുന്നവർക്ക് അല്ലാഹുവിങ്കൽനിന്ന് നന്മയല്ലാതെ പ്രതിഫലം ലഭിക്കുകയില്ലല്ലോ! അതായിരിക്കണം നമ്മുടെ പ്രതീക്ഷ.

തനിക്ക് പറയാനുള്ള കാര്യങ്ങൾ കേൾക്കാൻ ഒരാളെ കിട്ടാതെ വരുമ്പോഴുള്ള മനുഷ്യന്റെ മനസ്സ് കൂട്ടിലടക്കപ്പെട്ട പക്ഷിയെപ്പോലെയാണ്. ചിറകുണ്ടായിട്ടും പറക്കാൻ കഴിയാത്ത, മറ്റുള്ളവരുടെ ദർശനം മാത്രം ലഭിച്ച് മുഷിപ്പിലും വിരക്തിയിലും കഴിച്ചുകൂട്ടേണ്ടി വരുന്ന ദുരവസ്ഥ. ഇത്തരം അവസ്ഥയിൽ കഴിയുന്നവർക്ക് സമാധാനവും സന്തോഷവും നൽകാനും അവർക്ക് താങ്ങും തണലുമായി വർത്തിക്കാനും നമുക്ക് സാധിക്കണം. അവരുടെ കണ്ണീരൊപ്പാനും അവരോടൊപ്പം സമയം ചെലവഴിക്കാനും ശ്രദ്ധിക്കണം.



മൂസ സ്വലാഹി കാര
: 97473 45768

# 'തക്ഫീർ' വിവാദം; സലഫികളെ അധിക്ഷേപിക്കുന്നവരോട്

സത്യസന്ദേശത്തിന്റെ പ്രചാരണം സമൂഹത്തിൽ നിർവഹിക്കാനുള്ള ഉത്തരവാദിത്തം ഏൽപിക്കപ്പെട്ട പ്രവാചകന്മാർക്ക് സമൂഹത്തിൽനിന്ന് കേൾക്കേണ്ടിവന്ന ആരോപണങ്ങളിൽ പെട്ടതാണ് ഇവർ വഴികേടിലും വിഡ്ഢിത്തത്തിലും കളവിലും അകപ്പെട്ടിരിക്കുന്നു എന്നത്. നൂഹ് നബി(അ)യുടെ സമൂഹത്തെ കുറിച്ച് അല്ലാഹു പറയുന്നു: "അദ്ദേഹത്തിന്റെ ജനതയിലെ പ്രമാണിമാർ പറഞ്ഞു: തീർച്ചയായും നീ പ്രത്യക്ഷമായ ദുർമാർഗത്തിലാണെന്ന് ഞങ്ങൾ കാണുന്നു" (7:60).

ഹൂദ് നബി(അ)യുടെ ചരിത്രം വിശദീകരിക്കവെ അല്ലാഹു പറയു

അഹ്‌ലുസ്സുന്നയുടെ അട്ടിപ്പേറവകാശപ്പെടുന്നു സമസ്തക്കാർ ഊര നിവർത്തിയതുതന്നെ അഹ്‌ലുസ്സുന്ന വൽജമാഅയുടെ ആദർശവാഹകരായ സലഫികളെ മതം വിട്ടവരും പിഴച്ചുവരുമായി ചാപ്പകുത്താനും കാക്കത്തൊള്ളായിരും മാലകളും ജാറങ്ങളും ത്വരീഖത്തുകളും സമൂഹത്തിൽ പ്രചരിപ്പിക്കാനും വേണ്ടിയാണ്. ഇന്നോളം അവർ ചെയ്തുപോന്ന 'തക്ഫീർ' (അവിശ്വാസിയാക്കൽ) വേലയോട് മടുപ്പും മുഷിപ്പും തോന്നിയതിനാലോ മാനക്കേട് സഹിക്കവയ്യാത്തതുകൊണ്ടോ എന്തോ അതെല്ലാം സലഫികളിലുടെ പിരടിയിൽ വെച്ചുകെട്ടി ഓടിയൊളിക്കാൻ നോക്കുകയാണ് മുസ്‌ലിയാക്കന്മാർ.

ന്നു: "അദ്ദേഹത്തിന്റെ ജനതയിലെ സത്യനിഷേധികളായ പ്രമാണിമാർ പറഞ്ഞു: തീർച്ചയായും നീ എന്തോ മൗഢ്യത്തിൽപെട്ടിരിക്കുകയാണെന്ന് ഞങ്ങൾ കാണുന്നു. തീർച്ചയായും നീ കള്ളം പറയുന്നവരുടെ കൂട്ടത്തിലാണെന്ന് ഞങ്ങൾ വിചാരിക്കുന്നു" (7:66).

നബി(സ്വ)ക്ക് അനുഭവിക്കേണ്ടി വന്നതും ഇതിൽനിന്ന് വ്യത്യസ്തമല്ല. ക്വുറൈശി പ്രമുഖർ ആശ്ചര്യം പ്രകടിപ്പിക്കുകയും കള്ളവാദി, ജാലവിദ്യക്കാരൻ എന്നെല്ലാം പരിഹസിക്കുകയും പല ദൈവങ്ങളെയും ഒന്നാക്കി മാറ്റിയവനെന്ന് ആക്ഷേപിക്കുകയുമൊക്കെ ചെയ്തു.

ജൂത സൃഷ്ടികളായ ഖവാരിജുകളും ശിയാക്കളും ഇസ്‌ലാമിനെ വേട്ടയാടാനും വികൃതമാക്കാനും കാണിച്ച പരാക്രമങ്ങൾ തെല്ലൊന്നുമല്ല. അവരുടെ വിശ്വാസമനുസരിച്ച് മഹോന്നതരായ സ്വഹാബികളിൽ അധികപേരും കാഫിറുകളും മതഭ്രഷ്ട് സംഭവിച്ചവരുമാണ്. അവരെ പിൻപറ്റിയ താബിഉകളിൽ പലരോടും അടങ്ങാത്ത വെറുപ്പാണവർക്ക്. മതത്തിൽനിന്ന് തെറിച്ചുപോയ ഇവരുടെ അവിശ്വാസങ്ങൾക്ക് കൂട്ടായത് മുശ്‌രിക്കുകളുടെ ചിന്തകൾ തന്നെയായിരുന്നു.

സൂഫികളും ബറേൽവികളും ഒട്ടേറെ കാര്യങ്ങളിൽ ശിയാക്കളെ അനുഗമിക്കുന്നവരാണ്. സൂഫിസത്തെ നിരസിക്കുന്നവരെ അവിശ്വാസികളും പിഴച്ചവരുമായി മുദ്രകുത്തുന്ന സ്വഭാവം അവരിലുണ്ട്. നിരവധി പണ്ഡിതന്മാരെ കാഫിറുകളെന്നു പ്രഖ്യാപിച്ച അഹ്മദ് റസാഖാൻ ബറേൽവിയെ അഹ്‌ലുസ്സുന്നയുടെ വലിയ ഇമാമായി അംഗീകരിച്ചും അയാളുടെ ആശയവും കൊടിയുമൊക്കെ സ്വീകരിച്ചുമാണ് സമസ്തക്കാർ മുന്നോട്ടു പോകുന്നത്.

അഹ്‌ലുസ്സുന്നയുടെ അട്ടിപ്പേറവകാശപ്പെടുന്നു സമസ്തക്കാർ ഊര നിവർത്തിയതുതന്നെ അഹ്‌ലുസ്സുന്ന വൽജമാഅയുടെ ആദർശവാഹകരായ സലഫികളെ മതം വിട്ടവരും പിഴച്ചുവരുമായി ചാപ്പകുത്താനും കാക്കത്തൊള്ളായിരും മാലകളും ജാറങ്ങളും ത്വരീഖത്തുകളും സമൂഹത്തിൽ പ്രചരിപ്പിക്കാനും വേണ്ടിയാണ്. ഇന്നോളം അവർ ചെയ്തുപോന്ന 'തക്ഫീർ' (അവിശ്വാസിയാക്കൽ) വേലയോട് മടുപ്പും മുഷിപ്പും തോന്നിയതിനാലോ മാനക്കേട് സഹിക്കവയ്യാത്തതുകൊണ്ടോ എന്തോ അതെല്ലാം സലഫികളിലുടെ പിരടിയിൽ വെച്ചുകെട്ടി ഓടിയൊളിക്കാൻ നോക്കുകയാണ് മുസ്‌ലിയാക്കന്മാർ. ഒരു മുസ്‌ലിയാർ എഴുതിയത് കാണുക: "സത്യത്തിൽ വഹാബി പ്രസ്ഥാനത്തിന്റെ ജീനുകളുടെ ഘടന മുതൽ ജീവപരിണാമം വരെ മനസ്സിലാക്കിയാൽ ലോക മുസ്‌ലിംങ്ങളെ കാഫിറാക്കുന്ന സമ്പ്രദായം അവരുടെ പ്രപിതാക്കളായ ഖവാരിജുകളിൽ ചെന്നവസാനിക്കുന്നതായി കാണാനാവും" (സുന്നിവോയ്സ്, 2024 ഒക്ടോബർ 1-15, പേജ് 23).

ഈ വരികൾ അക്ഷരം പ്രതി ആർക്കാണ് ചേരുക എന്നത് തെളിവുകൾ സഹിതം വിശകലനം ചെയ്താൽ വായനക്കാർക്ക് ബോധ്യമാകും. യഥാർഥ ഇസ്‌ലാമികാദർശത്തെ നെഞ്ചേറ്റിയവർ ഇവരുടെ കണ്ണിലെ കരടും വഴി പിഴച്ചവരുമൊക്കെയാണ്. എം.എ അബ്ദുൽ ഖാദിർ മുസ്‌ലിയാർ എഴുതുന്നു: "കേരള മുസ്‌ലിംകളിൽ നജ്ദിയിൽ തൗഹീദ് പ്രചരിപ്പിക്കാൻ പിഴച്ചവാദങ്ങളുമായി ചിലർ രംഗത്തുവന്നപ്പോഴാണു സുന്നത്ത് ജമാഅത്തിന്റെ യഥാർഥ വിശ്വാസം ജനങ്ങൾക്കു മന

> കാഫിറാക്കൽ കളിയിൽ ആരാണ് കേമത്തരം കാട്ടിയതെന്ന് കണ്ടെത്താൻ കഴിയാത്തവിധം മുസ്‌ലിയാക്കന്മാർ പരിതപിക്കുന്നത് നോക്കൂ: "ഉള്ളാൾ തങ്ങൾ ബഹു. മടവൂർ പറഞ്ഞത് ഏറ്റുപറയുകയായിരുന്നു. കാഫിർ എന്ന പദത്തിന്റെ അർത്ഥം പോലും ചിന്തിക്കാതെ സുന്നികളെ ഇകഴ്ത്താൻ മൂത്രത്തിൽ പിടിച്ച് കയറാനായിരുന്നു വിഘടിതർ ശ്രമിച്ചത്. അതിന്റെ പേരിൽ തങ്ങളെ അവർ പരസ്യമായി ഇസ്‌ലാമിൽ നിന്ന് പുറത്താണെന്ന് പ്രഖ്യാപിച്ചു. അത് പറഞ്ഞത് സി എം ആണെങ്കിൽ അദ്ദേഹത്തിനെതിരിലും കാഫിർ ആരോപിക്കാൻ അവർ മടിച്ചില്ല" (വിഘടിതർക്കു പറ്റിയ 25 അമളികൾ, ഇബ്നു അഹമ്മദ്, പേജ് 42).

സ്സിലാക്കിക്കൊടുക്കാൻ സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ രൂപീകൃതമായത്. ബിദ്അത്ത് വാദം തലപൊക്കിയപ്പോൾ കേരള മുസ്‌ലിംകളെ വിശ്വാസപരമായി പിഴപ്പിക്കാനുള്ള ശ്രമങ്ങൾക്കെതിരെ സമസ്തയും അതിന്റെ പണ്ഡിതന്മാരും രംഗത്തിറങ്ങി" (തർക്കുൽ മുവാലാത്ത്, പേജ് 26).

**കുഫ്റാരോപണം തിരിഞ്ഞുകൊത്തുന്നു!**

തങ്ങൾക്ക് പിടിക്കാത്തവരോടെല്ലാം ബന്ധം മുറിക്കണമെന്നുള്ള കൽപന പുറപ്പെടുവിക്കൽ ഒരേർപ്പാടായി മുസ്‌ലിയാക്കൾ ഏറ്റെടുത്തിരുന്നു. സമസ്ത വരച്ച കളത്തിൽ നിൽക്കുന്നവർ മാത്രമാണ് നല്ലവരെന്ന മിഥ്യാധാരണ അവരോടൊപ്പം സഞ്ചരിച്ചവരെ തന്നെയും അവിശ്വസിച്ചവരാക്കി പുറത്താക്കുന്നിടത്തേക്ക് അവരെ എത്തിച്ചു. 1930ൽ പ്രസിഡന്റ് പാങ്ങിൽ മുസ്‌ലിയാർക്ക് പത്രാധിപചുമതലയുണ്ടായിരുന്ന 'അൽബയാൻ' അറബി മലയാളം മാസികയിൽ വന്നത് കാണുക: "ചോറ്റൂർ കൈക്കാർ, കൊണ്ടോട്ടി കൈക്കാർ, വഹാബികൾ മുതലായവരുടെ ദുർവിശ്വാസ നടപടികൾ അഹ്‌ലുസ്സുന്നതി വൽജമാഅയുടെ സുന്ദരമായ വിശ്വാസ നടപടികളോട് കേവലം മാറാകകൊണ്ട് അവരുടെ വിശ്വാസ നടപടികളോട് പിന്തുടരലും അവരോടുള്ള കൂട്ടുകെട്ടും സുന്നി മുസ്‌ലിംകൾക്കു കേവലം പാടുള്ളതല്ലെന്ന് ഈ യോഗം തീർച്ചപ്പെടുത്തുന്നു" (തർക്കുൽ മുവാലാത്ത്, പേജ് 27).

ആലുവ, ദസൂഖി വ്യാജ ത്വരീഖത്തുകളെ കുറിച്ച് മുസ്‌ലിയാക്കന്മാർ നിലപാടെടുത്തത് കാണുക: "ഈ രണ്ട് വിഭാഗവും അബദ്ധജടിലമായ വിശ്വാസത്തിൽ യോജിപ്പുള്ളതുകൊണ്ടാണ് ശിയാക്കൾ പിഴച്ചത് പോലെ ഈ ത്വരീഖത്തും പിഴച്ചതാണ് എന്ന് നാം പറയുന്നത്" (ആത്മകഥ, പേജ് 278).

അന്ധവിശ്വാസങ്ങൾ വളർത്താൻ ഇരുപത്തിമൂന്ന് വർഷത്തോളം സമസ്തയുടെ യോഗങ്ങളിലും സമ്മേളനങ്ങളിലും സജീവമായിരുന്ന പട്ടിക്കാട് ജാമിഅ നൂരിയ്യ സ്ഥാപകൻ കൂടിയായ നൂരിശാഹ് തങ്ങളെയും അദ്ദേഹത്തിന്റെ ത്വരീഖത്തിനെയും അകറ്റിനിർത്താൻ കൽപിച്ച് 1974ൽ കെ.കെ അബൂബക്കർ മുസ്‌ലിയാരുടെ അധ്യക്ഷതയിൽ മുശാവറ ഇറക്കിയ ഫത്‌വയുടെ അനന്തരഫലം കൂടി കാണുക:

"നൂരിഷാ ത്വരീഖത്തിൽ പല അബദ്ധങ്ങളുമുണ്ട്. അതുകൊണ്ടാണ് സമസ്ത കേരള ജംഇയ്യത്തുൽ ഉലമ നേരത്തെ അത് പിഴച്ചതാണെന്ന് പ്രഖ്യാപിച്ചതും പൊതുജനങ്ങളെ ബോധ്യപ്പെടുത്തിയതും" (എ.പി മുഹമ്മദ് മുസ്‌ലിയാർ കാന്തപുരം, ആത്മകഥ, പേജ് 279).

സമസ്തയുടെ ആദർശ പ്രസംഗകനായിരുന്ന നാട്ടിക മുസ്‌ലിയാർ സലഫികളെ കുറിച്ച് എഴുതിയത് തിരുത്തോ പിൻവലിക്കലോ ഇല്ലാതെ ഇന്നും അവശേഷിക്കുന്നു: "ചുരുക്കത്തിൽ കഴിവ് അല്ലാഹുവിന്റെതും മനുഷ്യന്റെതുമെന്ന് രണ്ടായി വിഭജിച്ച് അല്ലാഹുവിന്റെ ഗുണമാകുന്ന ഖുദ്റത്തിൽ ഇവർ മായം ചേർത്തിരിക്കുന്നു. അതിനാൽ ഒറിജിനൽ മുശ്‌രിക്കുകൾ ഇവരാണ്. മാത്രമല്ല ഓരോ മനുഷ്യനും സ്വന്തം കഴിവുണ്ടെന്ന് വിശ്വസിക്കുക വഴി കോടിക്കണക്കിന് സ്രഷ്ടാക്കളെ അംഗീകരിക്കുന്ന ഇവർ മഹാമുശ്‌രിക്കുകളാണ്" (തൗഹീദും ശിർക്കും, പേജ് 39, 40).

എ.എം ബഷീർ മുസ്‌ലിയാരുടെ മേൽനോട്ടത്തിലുണ്ടായിരുന്ന 'സുന്നി വേദി'യിൽ 1974ൽ എഴുതിയത് കാണുക: "വഹാബികളും മൗദൂദികളും ഖാദിയാന്മാരും അറുത്ത സാധനങ്ങ

ളൊന്നും നാം തിന്നാൻ പാടില്ലാത്തതാണ്. അതുപോലെ അവർക്ക് സലാം ചൊല്ലുവാനോ, മടക്കുവാനോ പാടില്ല. വഹാബികളും മൗദൂദി കളും അസ്‌ലിയ്യായ കാഫിറുകളെക്കാൾ കടു ത്ത കാഫിറുകളല്ലേയെന്ന് മുസ്‌ലിമീങ്ങൾ ചി ന്തിച്ച് നോക്കുക" (പേജ് 3).

ഇസ്‌ലാമിന്റെ അതിർവരമ്പുകൾ ഭേദിച്ച് പുത്തനാചാരങ്ങൾക്കു പിന്നാലെ പായുന്ന ഇവർ മതാധ്യാപനങ്ങൾക്ക് ജീവൻ നൽകുന്ന വരെയാണ് പ്രയാസപ്പെടുത്തിയത്. ഖുർആൻ ഇത്തരക്കാരെ കുറിച്ച് പറഞ്ഞത് കാണുക: "അതല്ല, അവരിൽ അധികപേരും കേൾക്കുക യോ ചിന്തിക്കുകയോ ചെയ്യുമെന്ന് നീ വിചാരി ക്കുന്നുണ്ടോ? അവർ കന്നുകാലികളെപ്പോലെ മാത്രമാകുന്നു. അല്ല, അവരാകുന്നു കൂടുതൽ വഴിപിഴച്ചവർ" (25:44).

### സമസ്ത പണ്ഡിതന്മാരും പരസ്പര കുഫ്റാരോപണവും

പുരോഹിതന്മാരുടെ ധാർഷ്ട്യത്തിന് അവർ ക്ക് കിട്ടിയ ഏറ്റവും വലിയ പ്രഹരമാണ് ഇനി വായിക്കാൻ പോകുന്ന കാര്യങ്ങൾ. സമസ്തയുടെ ജോയിന്റ് സെക്രട്ടറിയും ഖുർആൻ പരിഭാഷക നുമായ കൂറ്റനാട് കെ.വി മുഹമ്മദ് മുസ്‌ലിയാരെ കാഫിറും മുർതദ്ദുമാക്കിയത് ജനറൽ സെക്രട്ട റി ഇ.കെ അബൂബക്കർ മുസ്‌ലിയാരാണ്!

"ഖുർആൻ പരിഭാഷ തികച്ചും അബദ്ധജ ഡിലവും തോന്നിവാസവുമാണെന്നും അതെ ഴുതിയുണ്ടാക്കിയ വകയിൽ കൂറ്റനാട് മുസ്‌ലി യാർ മുർതദ്ദും കാഫിറുമായിട്ടുണ്ടെന്നും അന്ന് സമസ്ത സെക്രട്ടറി ഫത്‌വ പുറപ്പെടുവിച്ചത് ജന ങ്ങൾ മറന്നിട്ടില്ല" (സിറാജ്, 1998 നവംബർ 21, ചൊവ്വ).

വിഘടിത വിഭാഗം പ്രസിഡന്റ് ഉള്ളാൾ തങ്ങൾ ഇ.കെ അബൂബക്കർ മു സ്‌ലിയാരെ കാഫിറാക്കുകയും അതിൽ അവരുടെ 'ലോക നിയ ന്ത്രകൻ' സി.എം മടവൂരിനെ പ്രതി യാക്കുകയും ചെയ്തത് കാണുക:

"ഞങ്ങൾ തെറ്റിപ്പോന്ന അവസ രം. പണ്ട് മുല്ലക്കോയ തങ്ങൾ പ്ര സിഡന്റ്, സമസ്തന്റെ പ്രസിഡന്റ് മു ല്ലക്കോയ തങ്ങൾ മഹാനവർകൾ സമസ്തയുടെ പ്രസിഡണ്ടായിരു ന്ന കാലത്ത് ആലിമീങ്ങളൊക്കെ മറ്റൊന്ന്. ഇന്ന് ആലിമീങ്ങളുടെ സ്ഥാനൊക്കെ കീപ്പോട്ട് പോകാൻ പോവണ കാലാ! അവിടെയാണ് തകരാറ് പറ്റിയത്. കയ്യ് എവിടെ കെട്ടിയാലെന്താ എന്ന് പ്രസംഗിച്ചു പോയില്ലേ നമ്മുടെ ഉസ്താദ് ഹെ. അപ്പോ പിന്നെ ഓലോട് തെറ്റാ തെ കയ്യൂലല്ലോ. അതുകൊണ്ടാ ണ് അൻത അൻത അലൽഹഖ്, ഉറച്ചുനിന്നോ നീ ഹഖിന്റെ മേ ലിലാണ്. അപ്പുറം ഇ.കെ എന്റെ ഉസ്താദല്ലേ. അവൻ പിഴച്ചുപോയി എന്നാണ് മടവൂർ പറഞ്ഞത്. ലാസ്റ്റ് പറഞ്ഞത് കഫറ അവൻ കാഫിറാ യിപ്പോയി എന്നാ അറിയോങ്ങള്" (സത്യധാര, 2000 ജൂൺ, പേജ് 48).

പല കോണിൽനിന്നും ഇതിന്റെ പേരിൽ പ്രതികരണ ങ്ങൾ ഉയർന്നു: "ശംസുൽ ഉലമ ഇ.കെ അബൂബക്കർ മുസ്‌ലിയാർ ഇസ്‌ലാമിൽനിന്ന് പുറത്താണെ ന്ന് ഉള്ളാൾ ഉറൂസിൽ വെച്ച് കു ഞ്ഞിക്കോയ തങ്ങൾ പ്രസ്താവിച്ച ത് അങ്ങേയറ്റം വേദനാജനകവും മുസ്‌ലിം കേരളത്തെ ഒന്നടങ്കം ഞെട്ടിപ്പിക്കുന്ന സംഭവവുമാണെ ന്ന് മടവൂർ സി.എം വലിയുല്ലാ ഹി മഖാം ശരീഫ് കമ്മിറ്റി ചൂണ്ടി ക്കാട്ടി" (സത്യധാര, 2000 ജൂലൈ, പേജ് 25).

കാന്തപുരം വിഭാഗത്തെ ഇ.കെ കാഫിറുകളാക്കി എന്ന പരാതി വാ യിക്കാം: "മാത്രമല്ല ലീഗ് എന്നാൽ ദീനും ദീനെന്നാൽ ലീഗുമാണ് (നഊദു) എന്നുവരെയെത്തി,



ലോകം നിയന്ത്രിക്കുന്നത് സി.എം മടവൂരാണെന്ന പിഴച്ചവാദംകൊണ്ട് കുഴങ്ങിയ ഇവർ അതിൽനിന്ന് രക്ഷപ്പെടാൻ പല അടവും പയറ്റിനോക്കുന്നുണ്ട്. എന്നാൽ സമസ്തയുടെ പാരമ്പര്യ ആദർശം പൊളിക്കാൻ ആരെയും സമ്മതിക്കില്ല എന്ന് തീരുമാനിച്ചിറങ്ങിയ കുരുവട്ടൂർ തങ്ങളും കൂട്ടരും മുസ്‌ലിയാക്കന്മാർക്ക് വലിയ ഭീഷണിയായപ്പോൾ അവരെയും പിഴച്ചവരാക്കുന്നത് കാണുക: "ശരീഅത്ത് വിരുദ്ധതയും പിഴച്ച വിശ്വാസങ്ങളും പേറി കോഴിക്കോട് കുരുവട്ടൂർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഒരു വ്യാജ ത്വരീഖത്താണ് കുരുവട്ടൂരിസം. സമസ്ത കേരള ജംഇയ്യത്തുൽ ഉലമ ആഹ്വാനം ചെയ്തതനുസരിച്ച് വിശ്വാസികൾ അവരുമായി അകലം പാലിക്കുന്നു" (സുന്നിവോയ്സ്, 2024 ഒക്ടോബർ 1-15, പേജ് 16).

അഥവാ ലീഗിൽ ചേരാത്തവൻ കറകളഞ്ഞ കാഫിർ. ലീഗും ദീനും ഒന്ന് എന്ന പരസ്യ പ്രസ്താവന തട്ടിവിട്ട് കൈയ്യടി വാങ്ങിയത് സീതി ഹാജിയോ ഇ അഹമ്മദോ ഒന്നുമല്ല, സാക്ഷാൽ സമസ്ത കേരള ജംഇയ്യത്തുൽ ഉലമ മുൻ ജനറൽ ആയിരുന്ന ഇ. കെ അബൂബക്കർ മുസ്‌ലിയാരാണ്'' (സുന്നിവോയ്സ്, 1989 ആഗസ്റ്റ് 18-24, പേജ് 5).

കാഫിറാക്കൽ കളിയിൽ ആരാണ് കേമത്തരം കാട്ടിയതെന്ന് കണ്ടെത്താൻ കഴിയാത്തവിധം മുസ്‌ലിയാക്കന്മാർ പരിതപിക്കുന്നത് നോക്കൂ: "ഉള്ളാൾ തങ്ങൾ ബഹു. മടവൂർ പറഞ്ഞത് ഏറ്റുപറയുകയായിരുന്നു. കാഫിർ എന്ന പദത്തിന്റെ അർഥം പോലും ചിന്തിക്കാതെ സുന്നികളെ ഇകഴ്ത്താൻ മൂത്രത്തിൽ പിടിച്ച് കയറാനായിരുന്നു വിഘടിതർ ശ്രമിച്ചത്. അതിന്റെ പേരിൽ തങ്ങളെ അവർ പരസ്യമായി ഇസ്‌ലാമിൽ നിന്ന് പുറത്താണെന്ന് പ്രഖ്യാപിച്ചു. അത് പറഞ്ഞത് സി എം ആണെങ്കിൽ അദ്ദേഹത്തിനെതിരിലും കാഫിർ ആരോപിക്കാൻ അവർ മടിച്ചില്ല" (വിഘടിതർക്കു പറ്റിയ 25 അമളികൾ, ഇബ്നു അഹമ്മദ്, പേജ് 42).

ഇരുചേരികളും വഹിക്കുന്ന ഈ 'പാപഭാരം' ഇറക്കിവെക്കാൻ നാട്ടിക പറഞ്ഞ പരിഹാരം ഇപ്പോഴും ചെയ്യാവുന്നതാണ്: "പശ്ചാത്തപിച്ചു സമൂഹത്തോടു മാപ്പുപറയാനും മരണപ്പെട്ട മഹാത്മാക്കളെ വിമർശിക്കുന്നതുപേക്ഷിക്കാനും തയ്യാറാകാത്തിടത്തോളം കാലം വിമതർ മാപ്പർഹിക്കുന്നില്ല തീർച്ച" (കേരളനാട് കൂട്ടായ്മ മാസിക, 2000 മെയ് 20-ജൂൺ 20, പേജ് 8).

## രണ്ട് ശാപ പ്രാർഥനകൾ

1975ൽ കുറ്റിപ്പുറം മാനൂരിൽ വെച്ച് നൂരിഷ ത്വരീഖത്ത് പ്രശ്നം രൂക്ഷമായതിനെച്ചൊല്ലി അതിൽപ്പെട്ട ഹൈദർ മുസ്‌ലിയാർ പ്രാർഥിച്ചത് കാണുക: "അല്ലാഹുവേ, ഈ ജനങ്ങളെ മുഴുവൻ സാക്ഷിയാക്കി ഞാൻ നിന്നോട് ദുആ ചെയ്യുകയാണ്. ഞങ്ങൾ നിലകൊള്ളുന്ന ഈ ത്വരീഖത്ത് തെറ്റാണെങ്കിൽ ഞങ്ങളെ ഇവിടെ നിന്ന് പരാജയപ്പെടുത്തണേ അല്ലാഹ്. അതുപോലെ ഈ ഞാൻ ദുആ ചെയ്യുന്നത് പോലെ എന്റെ ഉസ്താദന്മാർ ദുആ ചെയ്യട്ടെ. ഞങ്ങളീ ത്വരീഖത്തിനെ എതിർക്കുന്നത് ഹഖാണെങ്കിൽ ഞങ്ങളെ വിജയിപ്പിക്കുകയും ഹഖല്ലെങ്കിൽ ഞങ്ങളെ പരാജയപ്പെടുത്തുകയും ചെയ്യേണമേ എന്ന് ദുആ ചെയ്യാൻ നിങ്ങൾ തയ്യാറുണ്ടോ ഉസ്താദന്മാരേ" (ഫൈളാനേ നൂരി, വാള്യം 2, പേജ് 459).

1988ൽ സമസ്തയെ പിളർത്തിയവർക്കെതിരെ കണ്ണിയത്ത് നടത്തിയ പ്രാർഥന കാണുക: "സമസ്തക്കെതിരെ കേസ് കൊടുത്തവർക്ക് ആരും ഒത്താശ ചെയ്തു കൊടുക്കരുത്. അവരുടെ യോഗത്തിൽ പങ്കെടുക്കരുത്. സമസ്തക്കെതിരെ കേസു കൊടുത്തവരെ അല്ലാഹു മുഖം കെടുത്തട്ടെ. അവരെയും അവരുടെ അഹ്‌ലുകാരെയും അല്ലാഹു ഖൈറിലാക്കാതിരിക്കട്ടെ" (കണ്ണിയത്തിന്റെ പ്രാർഥന, മൊയ്തീൻകുട്ടി ഫൈസി വാക്കോട്, പേജ് 10).

ലോകം നിയന്ത്രിക്കുന്നത് സി.എം മടവൂരാണെന്ന പിഴച്ചവാദംകൊണ്ട് കുഴങ്ങിയ ഇവർ അതിൽനിന്ന് രക്ഷപ്പെടാൻ പല അടവും പയറ്റിനോക്കുന്നുണ്ട്. എന്നാൽ സമസ്തയുടെ പാരമ്പര്യ ആദർശം പൊളിക്കാൻ ആരെയും സമ്മതിക്കില്ല എന്ന് തീരുമാനിച്ചിറങ്ങിയ കുരുവട്ടൂർ തങ്ങളും കൂട്ടരും മുസ്‌ലിയാക്കന്മാർക്ക് വലിയ ഭീഷണിയായപ്പോൾ അവരെയും പിഴച്ചവരാക്കുന്നത് കാണുക: "ശരീഅത്ത് വിരുദ്ധതയും പിഴച്ച വിശ്വാസങ്ങളും പേറി കോഴിക്കോട് കുരുവട്ടൂർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഒരു വ്യാജ ത്വരീഖത്താണ് കുരുവട്ടൂരിസം. സമസ്ത കേരള ജംഇയ്യത്തുൽ ഉലമ ആഹ്വാനം ചെയ്തതനുസരിച്ച് വിശ്വാസികൾ അവരുമായി അകലം പാലിക്കുന്നു" (സുന്നിവോയ്സ്, 2024 ഒക്ടോബർ 1-15, പേജ് 16).

അദ്വൈത-അവതാര വാദങ്ങളെ അടിസ്ഥാനമാക്കി മടവൂരിനെ പടച്ചോനാക്കിയവർക്ക് മതഭ്രഷ്ട് കൽപിച്ച മുസ്‌ലിയാക്കന്മാരുമുണ്ട്.

ശിർക്ക്, കുഫ്ർ, മുർതദ്ദ്, ഇതെല്ലാം സമസ്തക്ക് അകത്തും പുറത്തുമുള്ളവർക്ക് മേൽ വിധിക്കുന്നതിൽ ഇത്രയധികം മുന്നേറ്റം നടത്തിയ ഇവർ സലഫികളെ പഴിചാരി വേട്ടയാടുന്നത് കാണുമ്പോൾ അവരോട് സഹതാപം മാത്രമെ തോന്നുന്നുള്ളൂ.

ഒരു മുസ്‌ലിയാർ എഴുതുന്നു: "ശിർക്കിനെപ്പോലെത്തന്നെ ഗൗരവതരമാണ് ശിർക്കാരോപണവും എന്നിവർ മനസ്സിലാക്കിയിട്ടില്ല. ശിർക്ക് സ്വയമുള്ളതാണെങ്കിൽ ശിർക്കാരോപണം അന്യരെ തേജോവധം ചെയ്യലാണ്. അതിനാലാണ് ശിർക്കാരോപണത്തെ നബി(സ) ശക്തമായി താക്കീത് നൽകിയത്" (മജ്മഉസ്സവാഇദ് 1192). "വഹാബിസത്തിന്റെ സ്ഥാപകൻ മുതൽ ഈ രീതി ഇവരിൽ പ്രകടമാണ്" (സുപ്രഭാതം, 2024 ഓഗസ്റ്റ് 24, വെള്ളി, എം.ടി അബൂബക്ർ ദാരിമി, പേജ് 6).

നേർമാർഗം പ്രാപിക്കുക എന്നത് നാട്യങ്ങൾകൊണ്ട് നേടാൻ സാധിക്കുന്ന ഒന്നല്ല. വിശ്വാസ വിശുദ്ധിയും പ്രാമാണിക നിലപാടും കണിശമാക്കുന്നവർക്ക് ആസ്വദിക്കാൻ കഴിയുന്നതാണത്. അല്ലാഹു പറയുന്നു: "നിങ്ങൾക്ക് അല്ലാഹുവിന്റെ വചനങ്ങൾ വായിച്ചുകേൾപിക്കപ്പെട്ടുകൊണ്ടിരിക്കെ, നിങ്ങൾക്കിടയിൽ അവന്റെ ദൂതനുണ്ടായിരിക്കെ നിങ്ങളെങ്ങനെ അവിശ്വാസികളാകും? ആർ അല്ലാഹുവെ മുറുകെപിടിക്കുന്നുവോ അവൻ നേർമാർഗത്തിലേക്ക് നയിക്കപ്പെട്ടിരിക്കുന്നു"(3:101).

വസ്തുതകൾ കാണുമ്പോൾ കണ്ണ് തള്ളുന്ന ഇവർ പ്രവർത്തകർക്ക് മുമ്പിൽ പലപ്പോഴും പിടിച്ച് നിൽക്കാറുള്ളത് ഇബ്നു അബ്ദുൽ വഹാബ്(റഹി), കെ.എം മൗലവി(റഹി), ഉമർ മൗലവി(റഹി) എന്നിവർ മുസ്‌ലിം സമൂഹത്തെ ഒന്നടങ്കം കാഫിറുകളാക്കിയവരാണ് എന്നു പറഞ്ഞാണ്.

ശൈഖ് ഇബ്നു അബ്ദുൽ വഹാബിനെ വലിയ കുറ്റവാളിയായി അവതരിപ്പിക്കുന്ന ഇവർ 1995 മുതൽ 2004 വരെ സമസ്തയുടെ പ്രസിഡന്റായിരുന്ന അസ്ഹരി തങ്ങൾ അദ്ദേഹത്തിന്റെ 'മിൻ നവാബിഗി ഉലമൈ മലൈബാർ' എന്ന ഗ്രന്ഥത്തിന്റെ നൂറ്റിപതിനൊന്നാം പേജിൽ ശൈഖിന്റെ മഹത്ത്വങ്ങൾ എടുത്തു പറഞ്ഞത് കാണാത്തവരാണോ? ശൈഖ്, ബുദ്ധിയെയും മനസ്സിനെയും സ്വാധീനിച്ച പ്രബോധനം, എല്ലാ ഗ്രാമത്തിലും പള്ളികൾ നിർമിച്ചു, പല നാടുകളും അദ്ദേഹത്തിലേക്ക് ചേർന്നു എന്നൊക്കെയാണ് അദ്ദേഹം നൽകുന്ന അംഗീകാരങ്ങൾ. 1998ലെ സുന്നി അഫ്കാറിൽ അതിനെ അനുകൂലിച്ച് മുസ്തഫൽ ഫൈസി നൽകിയ മറുപടി ഇപ്രകാരമാണ്: "അതിനാൽ ലോക പണ്ഡിതന്മാരെപ്പോലെ മേൽപ്പറഞ്ഞവരുടെ രണ്ടാം മുഖം കാണാനും പരിഗണിക്കാനും അദ്ദേഹത്തിന് കഴിഞ്ഞത് സ്വാഭാവികം മാത്രമാണ്. എല്ലാ അർഥത്തിലും മുസ്‌ലിംകൾ യോജിച്ചു പോകേണ്ട ഇക്കാലത്ത് ഇങ്ങനെയുള്ള ആശയ വിശാലതയുടെ പ്രസക്തി ആർക്കും ബോധ്യപ്പെടും" (പേജ് 21).

ഇതിനെതിരെ വല്ല സമരവും സമസ്ത നടത്തിയോ? മുസ്‌ലിയാക്കന്മാരുടെ കണ്ണിൽ വലിയ അപരാധമായ ഈ വിഷയത്തിൽ പ്രതിഷേധിച്ച് മുശാവരയിൽ നിന്ന് ആരെങ്കിലും രാജിവെച്ചോ? അസ്ഹരി തങ്ങൾ കാണിച്ച 'ആശയ വിശാലത' സ്വപ്നം കാണാനെങ്കിലും ഇന്നുള്ളവർക്കാകുമോ?

ഉമർ മൗലവി(റഹി)യുടെ സൽസബീലിൽ നിന്ന് ചില വരികൾ അടർത്തിയെടുത്ത് എത്ര കാലമായി ഇവർ സമൂഹത്തെ പറ്റിക്കുന്നു! ജീവിത കാലത്ത് ശിർക്കും ബിദ്അത്തും സമൂഹത്തിൽ ഊട്ടിയുറപ്പിക്കാൻ പരിശ്രമിച്ച ഹസൻ മുസ്‌ലിയാർക്ക് മരണവേളയിൽ തീർത്തും ഗുണകാംക്ഷയോടെ അദ്ദേഹം അയച്ച കത്താണ് ഇവർ കാര്യമായി വിവാദമാക്കിയിട്ടുള്ളത്. കത്തിനെപ്പറ്റി ഉമർ മൗലവി തന്നെ പറഞ്ഞതാണ് അതിനുള്ള മറുപടി: "നന്മയുടെ സാധ്യത നമുക്കൊരിക്കലും തള്ളാവതല്ലല്ലോ. ഹൃദയ രഹസ്യങ്ങൾ സൂക്ഷ്മമായി അറിയുന്നവനും ഹൃദയങ്ങളെ മാറ്റിമറിക്കുന്നവനും സർവജ്ഞനായ റബ്ബ് മാത്രമാണ്. അസ്‌ലിം തസ്‌ലിം എന്ന പ്രയോഗമാണ് കത്തിൽ ഉണ്ടായിരുന്നത്. നബി(സ)യുടെ പ്രയോഗമാണത്. സുന്നികൾ ഒന്നാകെ ഇളകിവശായി. അഥവാ മുസ്‌ലിയാക്കൾ അവരെ ഇളക്കിയെന്നതാണ് ശരിയായത്" *(ഓർമകളുടെ തീരത്ത്, പേജ് 500).* ■

റിദ നിസാർ എസ്
സൽസബീൽ അറബിക്കോളജ്, വെങ്കിടങ്ങ്

**സംഭവകഥ**



# 'ഹംദ്' എന്ന ഭവനം

ഉപ്പയും ഉമ്മയും മകനും അടങ്ങിയതാണ് ആ ചെറിയ കുടുംബം. ഉപ്പാക്ക് ഗൾഫിലാണ് ജോലി. അമർ മുഹമ്മദ് എന്നാണ് മകന്റെ പേര്. അവന് ഉപ്പയെയും ഉമ്മയെയും ജീവനാണ്. തിരിച്ചും അങ്ങനെ തന്നെ. അവന്റെ കൊച്ചു കുസൃതികളും തമാശകളും ആ വീട്ടിൽ സന്തോഷം നിറച്ചു.

അവന് നാലു വയസ്സായപ്പോഴാണ് ഉമ്മ ഒരു പെൺകുഞ്ഞിന് ജന്മംനൽകിയത്. കുഞ്ഞനുജത്തിയെ ഹോസ്പിറ്റലിൽ നിന്ന് വീട്ടിലേക്ക് കൊണ്ടുവന്നപ്പോൾ അവന് വളരെ സന്തോഷമായി. അവൻ അവന്റെ അനുജത്തിയെ കൊഞ്ചിക്കുകയും കളിപ്പിക്കുകയും ചെയ്തു. അവൾക്ക് അംറ എന്ന് പേരിട്ടു. കുടുംബക്കാർ അവന്റെ കുഞ്ഞനുജത്തിയെ കാണാൻ വീട്ടിലേക്ക് വരുമ്പോൾ അവൻ അനുജത്തിയെ 'ഇതാണ് എന്റെ കുഞ്ഞു വാവ' എന്ന് പരിചയപ്പെടുത്തും.

അവളുടെ കൂടെയുള്ള കളിയും ചിരിയുമായി ദിവസങ്ങൾ കൊഴിഞ്ഞുവീണുകൊണ്ടിരുന്നു. അവരുടെ ഓരോ ദിവസവും നിമിഷങ്ങളും ഭംഗിയേറിയതായിരുന്നു. അവന്റെ വാവക്ക് രണ്ടര വയസ്സായി.

അങ്ങനെയിരിക്കെ ഒരു ദിവസം പനിയും ജലദോഷവും അവളെ പിടികൂടി. ഹോസ്പിറ്റലിലേക്ക് കൊണ്ടുപോയി. അതിനുള്ള മരുന്ന് നൽകി. പനി മാറുകയും ചെയ്തു. കുറച്ചുദിവസത്തിനുശേഷം വീണ്ടും പനിയായി. വിട്ടുമാറാത്ത പനി. പല ആശുപത്രികളിലും മാറിമാറി കാണിച്ചുവെങ്കിലും പനിക്ക് ഒരു ഭേദവും കണ്ടില്ല. കാരണം കണ്ടെത്താനായി ഒരു ഡോക്ടർ സ്കാൻ ചെയ്യാൻ പറയുകയുണ്ടായി.

സ്കാനിങ്ങിലൂടെ അസുഖം എന്താണെന്ന് തിരിച്ചറിഞ്ഞു. തലയിലെ ഒരു ഞരമ്പിന് ഇൻഫെക്ഷൻ ബാധിച്ചിരിക്കുന്നു. ഓപ്പറേഷൻ ചെയ്യണമെന്ന് ഡോക്ടർ പറഞ്ഞു. അങ്ങനെ ഓപ്പറേഷൻ ചെയ്യാൻ തീരുമാനിച്ചു. കുടുംബക്കാരും നാട്ടുകാരും

> തന്റെ ചെറിയ കുട്ടിയെ നഷ്ടമായാൽ അല്ലാഹുവിനെ സ്തുതിക്കുകയും അവന്റെ വിധിയെ ഓർത്ത് സമാധാനിക്കുകയും ചെയ്യുന്ന മാതാപിതാക്കൾക്ക് വേണ്ടി സ്വർഗത്തിൽ 'ഹംദ്' എന്ന ഭവനം അല്ലാഹു ഒരുക്കുകയും ആ കുട്ടി അതിൽ മാതാപിതാക്കളെ കാത്തു നിൽക്കുകയും ചെയ്യു മത്രെ. എല്ലാവരുടെയും ആയുസ്സ് അല്ലാഹു തീരുമാനിച്ചു വെച്ചിട്ടുണ്ട്. സമയമെത്തിയാൽ പോയേ തീരൂ.

ആത്മാർഥമായി അവൾക്കു വേണ്ടി പടച്ചവനോട് പ്രാർഥിച്ചു. ഓപ്പറേഷൻ വിജയിച്ചു. ഏതാനും മാസങ്ങൾക്ക് ശേഷം അവൾ പഴയതുപോലെയായി.

അങ്ങനെ വർഷങ്ങൾ കടന്നുപോയി. ഇത്തവണ അമർ ഒറ്റയ്ക്കല്ല സ്കൂളിൽ പോകുന്നത്. കൂടെ അവന്റെ കുഞ്ഞനിയത്തിയുമുണ്ട്. അവളെ വീടിനടുത്തുള്ള സ്കൂളിൽ ചേർത്തു. അവൻ പഠിക്കുന്ന അതേ സ്കൂളിൽ. സ്കൂളിൽ പോകുന്നതിന്റെ ത്രില്ലിലാണ് അവൾ. കൊണ്ടുപോകാനുള്ള പുതിയ ബാഗ്, ബുക്ക്, കുട, എല്ലാം വാങ്ങി വച്ചിട്ടുണ്ട്. അങ്ങനെ ആദ്യമായി അവൾ അവളുടെ സ്കൂളിലേക്ക് പിച്ചവച്ചു.

സ്കൂളിൽ പോകുന്നത് അവൾക്ക് ഇഷ്ടമായിരുന്നു. ഓരോ ദിവസവും സ്കൂളിലേക്കുള്ള യാത്ര സന്തോഷത്തിലായിരുന്നു. ടീച്ചർമാരും കൂട്ടുകാരുമായിരുന്നു അവളുടെ ലോകം.

ഒരു ദിവസം അമറും അംറയും സ്കൂളിലേക്ക് പോയി. കുറച്ചുകഴിഞ്ഞ് വീട്ടിലേക്ക് ഒരു കോൾ വന്നു. സ്കൂളിൽ നിന്നായിരുന്നു അത്. അംറയ്ക്ക് വല്ലാത്ത ഛർദി. ഉമ്മ സ്കൂളിലേക്ക് ചെന്ന് അവളെ ഹോസ്പിറ്റലിലേക്ക് കൊണ്ടുപോയി. ഉപ്പ അന്നേരം ഗൾഫിലായിരുന്നു. ഡോക്ടർമാരുടെ ആവശ്യപ്രകാരം സ്കാൻ നടത്തി. മുമ്പ് വന്ന അതേ അസുഖമാണെന്ന് കണ്ടെത്തി. പഴയതുപോലെതന്നെ ഒരു സർജറി വേണമെന്ന് പറയുകയുണ്ടായി. ഉപ്പ നാട്ടിലേക്ക് വന്നു. സർജറി കഴിഞ്ഞു. അതിൽനിന്ന് തിരിച്ചു വരാൻ കുറെ മാസങ്ങൾ വേണ്ടിവന്നു.

പിന്നീട് നല്ലപോലെ സംസാരിച്ചും ഇണങ്ങിയും പിണങ്ങിയും കളിയും ചിരിയുമായി പഴയതുപോലെ അവൾ ഉഷാറായി. കുടുബത്തിൽ സന്തോഷം തിരിച്ചുവന്നു. അമർ വല്ലാതെ സന്തോഷിച്ചു. ഉപ്പ തിരിച്ചു ഗൾഫിലേക്ക് പോയി. ഏകദേശം ഒരു കൊല്ലം കഴിഞ്ഞ് വീണ്ടും ആ അസുഖം കണ്ടെത്തി. അത് അവളെ  അവശതയിലേക്ക് കൊണ്ടുപോയി. കുറച്ച് ദിവസത്തേക്ക് ഉപ്പ ലീവെടുത്ത് തിരിച്ചുവന്നു.

ആ ചെറിയ കുടുംബം പിന്നെ അവളുടെ ഇഷ്ടത്തിനും സന്തോഷത്തിനും കൂടുതൽ സ്ഥാനം നൽകി. വിനോദയാത്രകൾ അവളെ സന്തോഷവതിയാക്കി. എന്നാൽ അത് കൂടുതൽ നീണ്ടുനിന്നില്ല. ഇനിയൊരു ഓപ്പറേഷൻ അസാധ്യമാണെന്നും ചികിത്സയില്ലെന്നും പ്രാർഥിക്കുക എന്നുമായിരുന്നു ഡോക്ടർമാർ പറഞ്ഞത്. ജോലി നഷ്ടപ്പെടുമെന്നു വന്നപ്പോൾ ഉപ്പ തിരിച്ചുപോയി.

ഒരുദിവസം രാത്രി അവൾക്ക് തീരെ വയ്യാതായി. ഓക്സിജന്റെ അളവ് കുറഞ്ഞു. ഉടനെ ഹോസ്പിറ്റലിലേക്ക് കൊണ്ടുപോയി. ഐ.സി.യുവിൽ പ്രവേശിപ്പിച്ചു. പ്രയാസം കൂടി വന്നു. അവളുടെ ഉപ്പ തിരിച്ചു നാട്ടിലേക്ക് വന്നു. താമസിയാതെ അമറിന്റെ കുഞ്ഞനിയത്തി അല്ലാഹുവിന്റെ വിളിക്ക് ഉത്തരം നൽകി. ഉമ്മയെയും ഉപ്പയെയും ഇക്കയെയും ബാക്കിയാക്കി അവൾ യാത്രയായി. ആ കുടുംബത്തിന്റെ സങ്കടം വിവരിക്കാനാവാത്തതായിരുന്നു. അമർ അനുജത്തിയെ  ഓർത്ത് കരഞ്ഞു തളർന്നു. കുടുംബക്കാർ ആ കുടുംബത്തെ ആവുന്നത്ര സമാധാനിപ്പിക്കാൻ ശ്രമിച്ചു.

അല്ലാഹു ഏതാനും വർഷത്തേക്ക് ഏൽപിച്ച് ഒരു അമാനത്തായിരുന്നു ആ കുട്ടി. സമയമടുത്തപ്പോൾ അവൻ തിരിച്ചെടുത്തു. ആ ഉമ്മയ്ക്കും ഉപ്പയ്ക്കും അത് വിശ്വാസത്തെ അളക്കാനുള്ള റബ്ബിന്റെ പരീക്ഷണമായിരിക്കും. ചെറുപ്രായത്തിൽ മാതാപിതാക്കൾക്ക് നഷ്ടമായ കുഞ്ഞുങ്ങളെ സ്വർഗത്തിൽ നോക്കുന്നത് ഇബ്റാഹീം നബി(അ)യും ഹാജറുമാണെന്ന് നബി(സ്വ) പറഞ്ഞിട്ടുണ്ട്. തന്റെ ചെറിയ കുട്ടിയെ നഷ്ടമായാൽ അല്ലാഹുവിനെ സ്തുതിക്കുകയും അവന്റെ  വിധിയെ ഓർത്ത് സമാധാനിക്കുകയും ചെയ്യുന്ന മാതാപിതാക്കൾക്ക് വേണ്ടി സ്വർഗത്തിൽ 'ഹംദ്' എന്ന ഭവനം അല്ലാഹു ഒരുക്കുകയും ആ കുട്ടി അതിൽ മാതാപിതാക്കളെ കാത്തുനിൽക്കുകയും ചെയ്യുമത്രെ. എല്ലാവരുടെയും ആയുസ്സ് അല്ലാഹു തീരുമാനിച്ചു വെച്ചിട്ടുണ്ട്. സമയമെത്തിയാൽ പോയേ തീരൂ.

പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി
: 81298 00300

**ഇ.കെ. മൗലവി;
മുസ്‌ലിം കേരളത്തിന് ദിശാബോധം 31
നൽകിയ നവോത്ഥാന നായകൻ**

# തൂലിക പടവാളാക്കിയ പരിഷ്കർത്താവ്

> ചരിത്രം, സാഹിത്യം, സംസ്കാരം, വിമർശനം, വിശ്വാസം, രാഷ്ട്രീയം, സാമൂഹികം തുടങ്ങിയ മേഖലകളെ അഗാധമായി സ്പർശിക്കുന്ന ചിന്തോദ്ദീപകമായ പഠനങ്ങളാണ് ഓരോ ലേഖനവും. അദ്ദേഹത്തിന്റെ മിക്ക രചനകളും അക്കാലത്തെ മുസ്‌ലിം ലോകചലനങ്ങളുടെ കുതിപ്പുകളും കിതപ്പുകളും കൃത്യമായി അനാവരണം ചെയ്യുന്നവയാണ്.

കേരള മുസ്‌ലിം നവോത്ഥാനരംഗത്ത് തന്റെ തൂലികകൊണ്ട് ഒരായുഷ്കാലം മുഴുവൻ സേവനം ചെയ്ത മഹാനാണ് ഇ.കെ. മൗലവി സാഹിബ്. ഒട്ടേറെ ഗ്രന്ഥങ്ങളുടെ രചയിതാവാണ് അദ്ദേഹം. വിവിധ പത്രമാസികകളിൽ അദ്ദേഹം എഴുതിയ ലേഖനങ്ങൾ ഇന്നും ഉജ്ജ്വല സാഹിത്യസൃഷ്ടികളായി നിലനിൽക്കുന്നു. പൊതുരംഗത്ത് സജീവമായിരുന്ന കാലയളവിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്ന മിക്ക മുസ്‌ലിം ആനുകാലികങ്ങളിലും അദ്ദേഹത്തിന്റെ ലേഖനങ്ങൾ ഉണ്ടാവുക എന്നത് ഒരു അനിവാര്യതയായി കണക്കാക്കപ്പെട്ടിരുന്നു. മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ അൽഅമീൻ, ചന്ദ്രിക ആഴ്ചപ്പതിപ്പ്, മാതൃഭൂമി ദിനപത്രം, അൻസാരി, ന്യൂ അൻസാരി,, ഇശാഅത്ത്, മിശ്കാത്തുൽ ഹുദ, യുവകേസരി, യുവലോകം, അൽമനാർ തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലെല്ലാം മൗലവി സാഹിബ് കനപ്പെട്ട ലേഖനങ്ങൾ എഴുതിയിരുന്നു.



ചരിത്രം, സാഹിത്യം, സംസ്കാരം, വിമർശനം, വിശ്വാസം, രാഷ്ട്രീയം, സാമൂഹികം തുടങ്ങിയ മേഖലകളെ അഗാധമായി സ്പർശിക്കുന്ന ചിന്തോദ്ദീപകമായ പഠനങ്ങളാണ് ഓരോ ലേഖനവും. അദ്ദേഹത്തിന്റെ മിക്ക രചനകളും അക്കാലത്തെ മുസ്‌ലിം ലോകചലനങ്ങളുടെ കുതിപ്പുകളും കിതപ്പുകളും കൃത്യമായി അനാവരണം ചെയ്യുന്നവയാണ്.

1932ൽ ഒരു സ്വതന്ത്ര മാസികയായി ആരംഭിക്കുകയും പിന്നീട് മുസ്‌ലിം ലീഗിന്റെ മുഖപത്രമായി മാറുകയും ചെയ്ത 'ചന്ദ്രിക'യിൽ അതിന്റെ ആരംഭകാലം മുതൽ തന്നെ അദ്ദേഹം എഴുതിത്തുടങ്ങിയിരുന്നു. ചന്ദ്രികയിൽ അദ്ദേഹം എഴുതിയ ലേഖനങ്ങളിൽ ബഹുഭൂരിപക്ഷവും സമുദായ ഐക്യം, മുസ്‌ലിം സാംസ്കാരിക പാരമ്പര്യം, ഇസ്‌ലാമിക ചരിത്രം എന്നീ വിഷയങ്ങൾ കേന്ദ്രീകരിച്ചുള്ളവയായിരുന്നു.

മദ്റസാ വിദ്യാർഥികൾക്കായി തയ്യാറാക്കപ്പെട്ട കേരളത്തിലെ ആദ്യത്തെ പ്രിന്റഡ് പാഠപുസ്തകവും ഇ.കെ.മൗലവിയുടെ സംഭാവനയാണ്. മദ്റസകൾ കേരളത്തിൽ വ്യാപകമാകുന്നതിനു മുമ്പാണ് ഇത് എന്നോർക്കണം. 'തുഹ്ഫതുത്ത്വാലിബീൻ' എന്ന ഈ പാഠപുസ്തകം 1940ലാണ് പുറത്തിറക്കിയത്. നാലാംതരം മുതൽ ആറാംതരം വരെയുള്ള ക്ലാസ്സുകളിലേക്കായാണ് ഇത് തയ്യാറാക്കപ്പെട്ടത്. ഓരോ ക്ലാസ്സിലേക്കും പഠിക്കാനുള്ള ക്വുർആൻ ആയത്തുകൾ, ഹദീസുകൾ, പഴഞ്ചൊല്ലുകളും വിധികളും എന്നിവയുടെ സമാഹാരമാണ് 42 പേജുകളുള്ള ഈ കൃതി. പുസ്തകത്തിന്റെ പ്രസാധകർ എറണാകുളത്തെ മുനവ്വിറുൽ ഇസ്‌ലാം യംഗ് മെൻസ് അസോസിയേഷനും അച്ചടിച്ചത് എടവയിലെ സി.എം.പ്രസ്സിലുമാണ്. ആദ്യ പതിപ്പുതന്നെ ആയിരം കോപ്പികൾ പ്രിന്റ് ചെയ്തതായി കാണുന്നു. പുസ്തകത്തിന്റെ പുറംചട്ടയുടെ പകർപ്പാണ് അടുത്ത പേജുകളിൽ നൽകിയിരിക്കുന്നത്.

കേരള നദ്‌വത്തുൽ മുജാഹിദീന്റെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസ ബോർഡ് രൂപീകരിക്കപ്പെട്ടതിനു ശേഷം മദ്റസാ വിദ്യാർഥികൾക്ക് വേണ്ടി ഫിക്വ്ഹ്, ഇസ്‌ലാമിക ചരിത്രം എന്നീ വിഷയങ്ങളിൽ മൗലവി സാഹിബ് പാഠപുസ്തകങ്ങൾ രചിക്കുകയും മദ്റസാ സിലബസ് പരിഷ്കരണങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തിട്ടുണ്ട്.

### ഇ.കെ.മൗലവിയുടെ പത്രപ്രവർത്തനം

കേരള മുസ്‌ലിംകൾക്കിടയിൽ

പത്രപ്രവർത്തനത്തിന്റെ ആചാര്യരിലൊരാളായിരുന്നു ഇ.കെ. മൗലവി സാഹിബ്. മുസ്‌ലിം പത്രപ്രവർത്തനത്തിന് ഇ.കെ.മൗലവി നൽകിയ സംഭാവനകൾ വിസ്മരിക്കാനാവില്ല. ഇസ്‌ലാഹീ ആശയങ്ങൾ കേരളക്കരയിൽ പ്രചരിപ്പിക്കുന്നതിൽ അനല്പമായ പങ്കാണ് അദ്ദേഹത്തിന്റെ ആനുകാലികങ്ങൾ നിർവഹിച്ചത്. ഇ.കെ.മൗലവിയുടെ കാർമികത്വത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ഏതാനും ആനുകാലികങ്ങളെക്കുറിച്ച് നമുക്ക് ചർച്ച ചെയ്യാം:

**അൽഇർഷാദ്**

കേരള മുസ്‌ലിം ഐക്യസംഘത്തിന്റെ രൂപീകരണത്തെത്തുടർന്ന് കൊടുങ്ങല്ലൂരിലെ ഏറിയാട്ടിൽനിന്ന് 1342 റമദാനിൽ (1923) ഇ. കെ. മൗലവിയുടെ പത്രാധിപത്യത്തിൽ ആരംഭിച്ച അറബി മലയാള പ്രസിദ്ധീകരണമാണ് അൽഇർഷാദ്. മണപ്പാട് കുഞ്ഞഹമ്മദ് ഹാജിയായിരുന്നു ഇതിന്റെ പ്രസാധകൻ. ഏറിയാട് മുഹ്‌യിദ്ദീൻ ലിത്തോ പ്രസ്സിൽ നിന്നാണ് അൽഇർഷാദ് അച്ചടിച്ചിരുന്നത്. പതിനാല് ലക്കങ്ങൾ മാത്രമെ ഇർഷാദ് പ്രസിദ്ധീകരിക്കപ്പെട്ടുള്ളൂവെങ്കിലും ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ അൽഇർഷാദ് വഹിച്ച പങ്ക് അവിസ്മരണീയമാണ്.

അക്കാലഘട്ടങ്ങളിൽ നടന്ന ഐക്യസംഘത്തിന്റെ ഒട്ടുമിക്ക സമ്മേളന വാർത്തകളും ആ സമ്മേളനങ്ങളിൽ അവതരിപ്പിക്കപ്പെട്ട പ്രമേയങ്ങളും അവയെക്കുറിച്ചു പത്രാധിപർ നടത്തിയിട്ടുള്ള അഭിപ്രായങ്ങളുമെല്ലാം വിവിധ ലക്കങ്ങളിൽ കാണാവുന്നതാണ്. 1924 മെയ് 10,11,12 ദിവസങ്ങളിൽ മൗലാനാ അബ്ദുൽ ജബ്ബാർ ഹസ്രത്തിന്റെ അധ്യക്ഷതയിൽ ചേർന്ന ഐക്യസംഘം രണ്ടാം വാർഷിക സമ്മേളനത്തെക്കുറിച്ച വിശദ റിപ്പോർട്ടും ചിറയിൻകീഴ് താലൂക്ക് മുസ്‌ലിം സമാജത്തിന്റെ പ്രഥമ വാർഷിക സമ്മേളന റിപ്പോർട്ടും ആലപ്പുഴ ലജ്നത്തുൽ മുഹമ്മദിയ്യയുടെ 1925 ഫെബ്രുവരി 21,22 ദിവസങ്ങളിൽ ചേർന്ന ഒമ്പതാം വാർഷിക റിപ്പോർട്ടും തലശ്ശേരിയിൽ ചേർന്ന ഐക്യസംഘം നാലാം വാർഷിക സമ്മേളന റിപ്പോർട്ടും സമസ്ത കേരള യുവജന കോൺഫറൻസ്, സമസ്ത കേരള മുസ്‌ലിം വിദ്യഭ്യാസ കോൺഫ്രൻസ് എന്നിവകളെക്കുറിച്ചുള്ള റിപ്പോർട്ടും വിവിധ ലക്കങ്ങളിൽ ഉൾക്കൊള്ളിച്ചതായി കാണാം.

അൽഇർഷാദിന്റെ പ്രഥമ ലക്കത്തിൽ ഇ.കെ. മൗലവി സാഹിബ് എഴുതിയ പത്രാധിപക്കുറിപ്പ് ആ പ്രസിദ്ധീകരണം ഉയർത്തിപ്പിടിക്കുന്ന ലക്ഷ്യങ്ങളെന്തെന്ന് സവിസ്തരം പ്രതിപാദിക്കുന്നു. മലബാർ കലാപാനന്തരം മുസ്‌ലിംകൾക്ക് നേരിടേണ്ടി വന്ന കെടുതികളിൽനിന്ന് ഉൾക്കൊള്ളേണ്ട പാഠങ്ങളെന്തെന്നും പത്രാധിപക്കുറിപ്പ് വിശകലനം ചെയ്യുന്നു. അൽഇർഷാദിന്റെ ഈ ആമുഖ ലേഖനത്തിൽനിന്ന് അതിന്റെ ലക്ഷ്യവും മാർഗവും അത് പ്രാവർത്തികമാക്കേണ്ടതിനു വേണ്ടി ആസൂത്രണം ചെയ്ത കാര്യങ്ങളെക്കുറിച്ചുമെല്ലാം നമുക്ക് വ്യക്തമാകുന്നതാണ്.

> മദ്റസാ വിദ്യാർഥികൾക്കായി തയ്യാറാക്കപ്പെട്ട കേരളത്തിലെ ആദ്യത്തെ പ്രിന്റഡ് പാഠപുസ്തകവും ഇ.കെ. മൗലവിയുടെ സംഭാവനയാണ്. മദ്റസകൾ കേരളത്തിൽ വ്യാപകമാകുന്നതിനു മുമ്പാണ് ഇത് എന്നോർക്കണം. ‘തുഹ്ഫതുത്ത്വാലിബീൻ’ എന്ന ഈ പാഠപുസ്തകം 1940ലാണ് പുറത്തിറക്കിയത്. നാലാംതരം മുതൽ ആറാംതരം വരെയുള്ള ക്ലാസ്സുകളിലേക്കായാണ് ഇത് തയ്യാറാക്കപ്പെട്ടത്. ഓരോ ക്ലാസ്സിലേക്കും പഠിക്കാനുള്ള ക്വുർആൻ ആയത്തുകൾ, ഹദീസുകൾ, പഴഞ്ചൊല്ലുകളും വിധികളും എന്നിവയുടെ സമാഹാരമാണ് 42 പേജുകളുള്ള ഈ കൃതി. പുസ്തകത്തിന്റെ പ്രസാധകർ എറണാകുളത്തെ മുനവ്വിറുൽ ഇസ്‌ലാം യംഗ് മെൻസ് അസോസിയേഷനും അച്ചടിച്ചത് എടവയിലെ സി.എം. പ്രസ്സിലുമാണ്.

*അൽ ഇർഷാദിന്റെ പ്രഥമ ലക്കത്തിൽ*

*ഇ.കെ.മൗലവി എഴുതിയ പത്രാധിപക്കുറിപ്പ്*

ലോകത്തുള്ള എല്ലാ മുസ്‌ലിംകളും ഒരുവിധമല്ലെങ്കിൽ മറ്റൊരുവിധം കഷ്ടനഷ്ടങ്ങളും ക്ലേശങ്ങളും അനുഭവിച്ചുവരുന്നുണ്ടെന്ന് ഇന്നത്തെ ലോകവർത്തമാനങ്ങൾ നമ്മെ ഭയപ്പെടുത്തിയിരിക്കുന്നു. വിശിഷ്യാ കേരള മുസ്‌ലിംകൾ അവരുടെ സർവ ശ്രേയസ്സിനും കാരണമായ മതതത്വങ്ങളെ വിസ്മരിച്ചുകൊണ്ട് പര

സ്വരം കലഹിക്കുന്നു. സഹോദരങ്ങളുടെ നാശക്കുഴി കുഴിപ്പാൻ സർവവിധ പരിശ്രമങ്ങളും ചെയ്യുന്നു. മറ്റു സമുദായങ്ങളുടെ ഉയർച്ചയും അഭിവൃദ്ധിയും കണ്ടിട്ട് യാതൊരു വികാരങ്ങളും അവരുടെ ഹൃദയങ്ങളിൽ അങ്കുരിക്കുന്നില്ല. അവർ സഹോദരങ്ങളുടെ തുച്ഛമായ അഭിവൃദ്ധിയിൽ അസൂയപ്പെടുന്നു. അവന്റെ നാശത്തിനുള്ള മാർഗങ്ങളെ കണ്ടുപിടിക്കുന്നതിന് ഒരു വലിയ തത്വജ്ഞാനിയുടെ ചിന്താശക്തി പ്രേരിപ്പിക്കുന്നു. അന്യന്റെ ശക്തിമത്തായ അഭിവൃദ്ധിയിൽ തൃപ്തിപ്പെടുന്ന നാം സഹോദരന്റെ നിസ്സാരമായ ഉയർച്ചയിൽ


تحفة الطّالبين

انتخبها

ای. کے. مولوی.

حقوق الطبع محفوظة

الطبعة الاولى . عدد ١٠٠٠

سنة ١٩٤٠

طبع بمطبعة . س. ام . بادوا، تِرُوِتا نكُورْ.

എന്തിനാണ് അസുയപ്പെടുന്നത്? ഇമ്മാതിരി അവർണ്ണനീയമായ ചപലതകൾ നമ്മിൽ ഒന്നായി കൂടുവാനും തന്നിമിത്തം നാം തന്നെ നശിക്കുവാനും ഉള്ള പ്രധാന കാരണം ഇസ്‌ലാം മതത്തിന്റെ യഥാർത്ഥ തത്വങ്ങൾ അറിഞ്ഞ് പ്രവർത്തിക്കാത്തതുകൊണ്ടാണ്. നമ്മുടെ സമുദായ ലോകത്തിന്റെ മർമങ്ങൾ കണ്ടുപിടിച്ച് എല്ലാവരും ഒരുപോലെ സമ്മതിക്കുന്നുണ്ട്.

കേരള മുസ്‌ലിം സഹോദരങ്ങളെ, ഇന്നത്തെ നമ്മുടെ അവസ്ഥ എന്താണ്? ഇതര സമുദായങ്ങളെ അപേക്ഷിച്ച് ഇഹലോക ജീവിതത്തിന് ആവശ്യമായ വിദ്യ നമുക്കില്ലെന്നുതന്നെ പറയാം. ധനം ഉണ്ടെങ്കിലും അതിനെ ചിലവഴിക്കുവാനുള്ള ഉത്തമ മാർഗം നാം കാണാത്തതുകൊണ്ട് ധനം ഇല്ലാത്ത സമുദായങ്ങളെക്കാൾ പണക്ലേശം നമ്മുടെ സമുദായം അനുഭവിക്കുന്നു. മുസ്‌ലിം എന്ന മഹത്തായ നാമം നമ്മെ വിട്ടുപിരിഞ്ഞു. മാപ്പിളയും കച്ചിമേമനും ജോനകനും റാവുത്തനും പട്ടാണിയും മുഹമ്മദനും തുലുക്കനും മേത്തനുമായി രൂപഭേദപ്പെട്ടു. ഓരോ വ്യത്യാസങ്ങൾ പറഞ്ഞ് പരസ്പരം ആഭിജാത്യം നടിക്കുന്നു. ഇവരെല്ലാവരും ഏകദേശം മ്ലേഛൻമാരും നിന്ദ്യൻമാരുമാണെന്ന് ഇതര സമുദായങ്ങൾ സധൈര്യം ഘോഷിക്കുന്നു. ഈ അടുത്ത സന്ദർഭങ്ങളിൽ നമ്മുടെ എത്ര സഹോദരങ്ങൾ കഴുമരത്തിൽ തൂങ്ങി. നമ്മുടെ എത്ര സഹോദരങ്ങൾ തോക്കിന്നിരയായി. എത്ര പേർ കാരാഗ്രഹത്തിലടക്കപ്പെട്ടു. എത്ര പേർ ആന്തമാനിൽ നാടുകടത്തപ്പെട്ടു. എത്ര പേർ ശ്വാസംമുട്ടി മരിക്കേണ്ടിവന്നു. എത്ര പേർ മാസാന്ത വരി അടക്കുവാൻ നിർബന്ധിതരായി. എത്ര സഹോദരികൾ പതിവ്രതാധർമത്തെ കൈവെടിഞ്ഞു. എത്ര പേർ ചാരിത്ര്യ ശുദ്ധിയെ പരിപാലിക്കുവാൻ വേണ്ടി ആത്മഹത്യ ചെയ്തു. ഓമന സന്താനങ്ങളെ എടുത്തുകൊണ്ട് പ്രാണരക്ഷക്കായി ഓടിയിരുന്ന അബലകളെയും കുട്ടികളെയും മെഷീൻ ഗണ്ണിന് ഇരയാക്കപ്പെട്ടു. മുസ്‌ലിംകളായ നാം കേവലം വ്യാജ ചരക്കുകളെപ്പോലെ ലൈസൻസ് കൂടാതെ പുറത്തിറക്കുവാൻ പാടില്ലാത്തതായി. സർവ ഭാഗ്യവും തികഞ്ഞിരുന്നവരാണെന്ന് അഭിമാനിച്ചിരുന്ന സഹോദരീ സഹോദരൻമാർക്ക് പാർക്കുവാൻ പുരയില്ല. കിടക്കാൻ ഇടമില്ല. ഉടുപ്പാൻ വസ്ത്രമില്ല, ഉറങ്ങുവാൻ ധൈര്യമില്ല. കുടിപ്പാൻ ശുദ്ധജലം പോലുമില്ല. എന്തിനേറെ പറയുന്നു, ലോകത്ത് ഇതേവരെ നടന്ന ദുഷ്കർമ്മങ്ങ

ളുടെയും ഏതാണ്ടൊരു മാതൃക നമ്മുടെ സഹോദരങ്ങൾ അനുഭവിച്ചു എന്ന് തീർച്ചയായും പറയാം. സഹോദരങ്ങളെ, ഈ ഭയങ്കര സംഭവങ്ങൾ നമ്മുടെ ഓർമയിൽ നിന്ന് വിട്ടുപോകുന്നതിന് മുമ്പ് മേലിൽ ഇങ്ങനെ വരാതിരിക്കേണ്ടതിനുള്ള മാർഗങ്ങളെക്കുറിച്ച് ചിന്തിക്കുവിൻ. 'മാ കുന്നാ മുഹ്‌ലികിൽ കർയ ഇല്ലാ വ അഹ്‌ലുഹാ ളാലിമൂൻ' (രാജ്യ നിവാസികൾ ദ്രോഹികളായിരിക്കുന്ന സന്ദർഭത്തിലല്ലാതെ നാം രാജ്യങ്ങളെ നശിപ്പിക്കുകയുണ്ടായിട്ടില്ല) എന്ന അല്ലാഹുവിന്റെ കൽപ്പനയിലെ താൽപര്യപ്രകാരമാണ് നാം ഈ കഷ്ടതകൾ അനുഭവിച്ചതെങ്കിൽ മേലിൽ ഇത്തരം ഹലാക്കുകൾ വരാതിരിക്കുവാൻ സൂക്ഷിക്കേണ്ട കടമയും നമ്മിൽ സ്ഥിതി ചെയ്യുന്നുണ്ട്. 'കുൻതും ഖൈറു ഉമ്മത്തിൻ ഉഖ്‌രിജത്ത് ലിന്നാസി തഅ്മുറൂന ബിൽ മഅ്റൂഫി വ തൻഹൗന അനിൽ മുൻകരി വ തുഅ്മിനൂന ബില്ലാഹ്' (നിങ്ങൾ ജനങ്ങളുടെ ഗുണത്തിന് വേണ്ടി ഉത്ഭവിക്കപ്പെട്ട സമുദായങ്ങളിൽ വെച്ച് അത്യുത്തമ സമുദായമാകുന്നു. നിങ്ങൾ നന്മ ഉപദേശിക്കുകയും ദുഷ്കർമങ്ങളെ വിരോധിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യും) എന്ന ആയത്ത് പ്രകാരം നാം ഖൈറു ഉമ്മത്ത് ആണെങ്കിൽ ഇത്ര ഭയങ്കര ശിക്ഷ നാം എങ്ങനെ അനുഭവിക്കുന്നു. ഖൈർ ഉമ്മത്തിന്റെ മേൽ ഇപ്രകാരമുള്ള കഠിന ശിക്ഷ ആദിൽ ആയ റബ്ബുൽ ആലമീൻ വിധിക്കുമോ? ഈ ചോദ്യത്തിന് അല്ലാഹു ആദിൽ അല്ലെന്നോ നാം ഖൈറു ഉമ്മത്ത് അല്ലെന്നോ സമ്മതിക്കേണ്ടിവരും. അല്ലാഹു ആദിലല്ലെന്ന് പറയുവാൻ യാതൊരു മാർഗവുമില്ല. അപ്പോൾ നാം ഖൈറു ഉമ്മത്തല്ലെന്ന് നാം സമ്മതിക്കേണ്ടി വരും. ഇനി നാം ഖൈറു ഉമ്മത്ത് ആവണമെങ്കിൽ മേൽപറഞ്ഞ ആയത്തിന്റെ താൽപര്യ പ്രകാരം അല്ലാഹുവിൽ വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ ഉപദേശിക്കുകയും ദുഷ്കർമങ്ങൾ ഉപേക്ഷിക്കുകയും ചെയ്യും. ഇക്കാര്യ നിർവഹണത്തിന് ഓരോ വീടുകളിലോ സ്ഥലങ്ങളിലോ പോയി പ്രവർത്തിക്കുക എന്നത് വളരെ ബുദ്ധിമുട്ടാണ്. എന്നാൽ പത്രം മുഖേന ഇക്കാര്യം നടത്തുന്നത് വളരെ സൗകര്യമാണെന്ന് പറയേണ്ടതില്ലല്ലോ. 'മുസ്‌ലിം ഐക്യ സംഘം' ഈ ഉദ്ദേശ്യത്തോടുകൂടിയാണ് 'മുസ്‌ലിം ഐക്യം' മാസിക നടത്തി തുടങ്ങിയതെന്ന് ഞങ്ങൾക്കറിയാം. കേരള മുസ്‌ലിങ്ങളിൽ ഭൂരിഭാഗത്തിനും പരിചയമില്ലാത്ത മലയാള ലിപികളിലും ഗംഭീര ഭാഷയിലും 'മുസ്‌ലിം ഐക്യം' നടത്തപ്പെടുന്നതുകൊണ്ടും ഖുർആൻ, ഹദീസ് മുതലായ മഹൽവാക്യങ്ങൾ അവകളുടെ യഥാർത്ഥ സ്ഥിതിയിൽ എഴുതുവാൻ നിവർത്തിയില്ലാത്തതുകൊണ്ടും അതുകൊണ്ടുദ്ദേശിക്കപ്പെട്ട ഫലം പൂർണ്ണമായി ഉണ്ടായില്ലെന്ന് വ്യസന സമേതം സമ്മതിക്കുന്നു. എന്നാൽ അൽ ഇർഷാദാകട്ടെ, കേരളീയരിൽ മിക്കപേർക്കും സ്ത്രീപുരുഷ ഭേദം കൂടാതെ അറിയാവുന്ന അറബി മലയാള അക്ഷരത്തിലും ലളിതഭാഷയിലും നടത്തുവാൻ തീർച്ചപ്പെടുത്തിയിട്ടുള്ളത് കൊണ്ട് മേൽപറഞ്ഞ ന്യൂനതകൾ പരിഹരിക്കപ്പെടുമെന്നും നമ്മുടെ മഹത്തായ ഉദ്ദേശ്യം സാധിക്കുവാൻ റബ്ബ് അനുഗ്രഹിക്കുമെന്നും ഞങ്ങൾ വിശ്വസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

" കേരള മുസ്‌ലിങ്ങളിൽ ഭൂരിഭാഗത്തിനും പരിചയമില്ലാത്ത മലയാള ലിപികളിലും ഗംഭീര ഭാഷയിലും 'മുസ്‌ലിം ഐക്യം' നടത്തപ്പെടുന്നതുകൊണ്ടും ഖുർആൻ, ഹദീസ് മുതലായ മഹൽവാക്യങ്ങൾ അവകളുടെ യഥാർത്ഥ സ്ഥിതിയിൽ എഴുതുവാൻ നിവർത്തിയില്ലാത്തതുകൊണ്ടും അതുകൊണ്ടുദ്ദേശിക്കപ്പെട്ട ഫലം പൂർണ്ണമായി ഉണ്ടായില്ലെന്ന് വ്യസന സമേതം സമ്മതിക്കുന്നു. എന്നാൽ അൽ ഇർഷാദാകട്ടെ, കേരളീയരിൽ മിക്കപേർക്കും സ്ത്രീപുരുഷ ഭേദം കൂടാതെ അറിയാവുന്ന അറബി മലയാള അക്ഷരത്തിലും ലളിതഭാഷയിലും നടത്തുവാൻ തീർച്ചപ്പെടുത്തിയിട്ടുള്ളത് കൊണ്ട് മേൽപറഞ്ഞ ന്യൂനതകൾ പരിഹരിക്കപ്പെടുമെന്നും നമ്മുടെ മഹത്തായ ഉദ്ദേശ്യം സാധിക്കുവാൻ റബ്ബ് അനുഗ്രഹിക്കുമെന്നും ഞങ്ങൾ വിശ്വസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു."

ഞങ്ങൾ ഭാഷാ ശുദ്ധിയേക്കാൾ വിഷയ ശുദ്ധിയാണ് വിലമതിക്കുന്നത്. കേരള മുസ്‌ലിംകളിൽ ഭൂരിഭാഗം ജനങ്ങളും കേവലം അപരിഷ്കൃതമായ ഒരു

ഭാഷയാണ് സംസാരിച്ചു വരുന്നത്. തന്നെയുമല്ല, പരിഷ്കൃത ഭാഷ അവർക്ക് ഹാസ്യരസമായും തീർന്നിട്ടുണ്ട്. ഈ സ്ഥിതിയിൽ ഭാഷാശുദ്ധിയെ സർവപ്രധാനമായി ഗണിച്ചാലുണ്ടാകാവുന്ന ഫലം വായനക്കാർക്ക് ഊഹിക്കാമല്ലോ. അത് കൊണ്ട് ഞങ്ങളുടെ ലേഖകൻമാർ ആശയ ശുദ്ധിയിലാണ് പ്രത്യേകം ശ്രദ്ധിക്കേണ്ടതെന്ന് ഓർമപ്പെടുത്തിക്കൊള്ളുന്നു.

അൽ ഇർഷാദിൽ ഇസ്‌ലാംമത വിരുദ്ധമായി അഥവാ അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെ വിശ്വാസത്തിന് വിരുദ്ധമായി ഒന്നും തന്നെ ഞങ്ങൾ


THUHFATHUL-THALIBEEN.

For

FORMS IV, V & VI.

SELECTED BY

E. K. MOULAVI.

PUBLISHERS:-

MUNAVIRUL ISLAM YOUNG MEN'S
MUSLIM ASSOCIATION, ERNAKULAM.

FIRST EDITION COPIES 1000.

1940.

PRINTED AT
THE C. M. PRESS, EDAVA, TRAVANCORE.

മനപ്പൂർവം ചേർക്കുന്നതല്ലെന്ന് പ്രത്യേക വാഗ്ദത്തം ചെയ്യുന്നു. ഞങ്ങളുടെ വല്ല പ്രസ്താവനയിലും ടി. വിശ്വാസത്തിന് വിരുദ്ധമായി എന്തെങ്കിലും കണ്ടാൽ ഞങ്ങളെ വഹാബിയും റാഫിളയുമായി വിധി കൽപ്പിക്കാതെ ആ തെറ്റിനെ ഞങ്ങൾക്ക് ചൂണ്ടിക്കാണിച്ച് തരാൻ എല്ലാ മുസ്‌ലിം സഹോദരങ്ങളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഇങ്ങനെ ചെയ്യുന്നതായാൽ ഞങ്ങളുടെ തെറ്റുകളെ സമ്മതിച്ചുകൊണ്ട് യഥാർത്ഥത്തെ പ്രസിദ്ധീകരിച്ചുകൊള്ളാം.

ഈ മഹത്തായ പരിശ്രമം വളരെ പ്രയാസമുള്ള ഒന്നാണെന്നും ഉത്തമനും പണ്ഡിതനുമായ ഒന്നോ അതിലധികമോ പേർക്കല്ലാതെ ഞങ്ങളെപ്പോലെയുള്ള അജ്ഞന്മാർക്ക് ചുമക്കത്തക്ക ഒന്നല്ലെന്നും ഞങ്ങൾക്ക് നല്ല ബോധ്യമുണ്ട്. എന്നാൽ ഹഖായ മാർഗത്തിൽ തുടരുന്നവർക്ക് മഹാന്മാരുടെ സഹായ സഹകരണം ഉണ്ടാകുമെന്നുള്ള ദൃഢവിശ്വാസം കൊണ്ട് ഈ ഗൗരവമേറിയ പ്രവർത്തിക്ക് പുറപ്പെട്ടതാണ്. ഹഖായ മാർഗത്തിലുള്ള ഞങ്ങളുടെ പരിശ്രമങ്ങളിൽ വേണ്ട സഹായങ്ങൾ ചെയ്തു തരുവാൻ സവിനയം അപേക്ഷ.

അൽഇർഷാദിൽ യാതൊരാളുടെ മുഖം നോക്കാതെ യഥാർത്ഥ്യങ്ങളെ ഞങ്ങൾ തുറന്നു പറയുന്നതാണ്. ആ വക പ്രസ്താവനകളിൽ ഓരോരുത്തരെ ബാധിക്കണമെന്ന് ഉദ്ദേശിച്ച് ഒന്നും തന്നെ ഞങ്ങൾ എഴുതുന്നതല്ല. ഞങ്ങളുടെ പ്രസ്താവനകളിൽ അടങ്ങിയ വല്ല ദുഃസ്വഭാവങ്ങളും ഉള്ളവർ ആ വക സ്വഭാവങ്ങളെ മാറ്റുവാൻ ശ്രമിക്കുന്നതല്ലാതെ ഞങ്ങളോട് കോപവും വെറുപ്പും വിചാരിച്ച് യാതൊരു നീചവൃത്തിക്കും ഒരുങ്ങരുതെന്ന് സഹോദരബുദ്ധ്യാ ഉണർത്തിച്ചുകൊള്ളുന്നു.

ഞങ്ങളുടെ നോട്ടീസ് അനുസരിച്ച് അൽ ഇർഷാദ് റജബിൽ പുറപ്പെടുവിക്കേണ്ടതിന് പ്രസ് സംബന്ധമായ ചില പ്രതിസന്ധികളാൽ സാധിച്ചില്ലെന്ന് വ്യസന സമേതം ഉൽബോധിപ്പിക്കുകയും സർവശക്തനായ റബ്ബുൽ ആലമീന്റെ കൃപാകടാക്ഷത്താൽ അൽഇർഷാദ് മുസ്‌ലിം സഹോദര സന്നിധിയിൽ ഇതാ സമർപ്പിച്ചുകൊള്ളുന്നു. 'വഫ്ഫഖനല്ലാഹു ലിമറളാതിഹി വലി ബുലൂഗി ഗായത്തിഹി. അൽ മർളിയത്തു ഫീ ഹാദൽ അമൽ വ ജഅലഹു ഖാലിസൻ ലി വജ്ഹിഹി അൽകരീം. ആമീൻ."

*(തുടരും)*

വിവ. അബ്ദുൽ ജബ്ബാർ മദീനി



# നമസ്കാരത്തിലെ ഇമാമത്ത്

02

**മഅ്മൂമിനുവേണ്ടി ഇമാം ഏൽക്കുന്നത്**

ഉറക്കെ ഓതുന്ന നമസ്കാരങ്ങളിൽ മഅ്മൂമിന്റെ ക്വുർആൻ പാരായണം ഇമാം വഹിക്കുന്നതാണ് (മഅ്മൂമിനു ഇമാമിന്റെ ക്വിറാഅത്ത് മതിയാകുന്നതാണ്.) തിരുനബി(സ്വ) പറഞ്ഞതായി ഇബ്നുമസ്ഊദി (റ)ൽനിന്നു നിവേദനം:

"ഇമാമ് ക്വുർആനോതിയാൽ ഉടൻ നിങ്ങൾ മൗനം ദീക്ഷിക്കുക."

"വല്ലവന്നും ഇമാമുണ്ടെങ്കിൽ ഇമാമിന്റെ ക്വിറാഅത്ത് അവനു ള്ള ക്വിറാഅത്താണ്."

എന്നാൽ പതുക്കെയോതുന്ന നമസ്കാരങ്ങളിൽ മഅ്മൂമിന്റെ ഫാതിഹ ഇമാം വഹിക്കുകയില്ല.

**ഇമാമിനെ മുൻകടക്കൽ**

തന്റെ ഇമാമിനെ മുൻകടക്കൽ മഅ്മൂമിനു അനുവദനീയമല്ല. തന്റെ ഇമാമിനു മുമ്പായി വല്ലവനും തക്ബീറതുൽ ഇഹ്റാമിൽ പ്രവേശിച്ചാൽ അവന്റെ നമസ്കാരം സാധുവാകുകയില്ല. കാരണം തന്റെ ഇമാമിനുശേഷം തക്ബീറതുൽ ഇഹ്റാമിൽ പ്രവേശിക്കുകയെന്നത് അത് സാധുവാകുന്നതിന്റെ ശർത്ത്വാകുന്നു. അതാകട്ടെ അവനു നഷ്ടപ്പെട്ടിരിക്കുന്നു.

നമസ്കാരത്തിന്റെ കർമങ്ങൾ തന്റെ ഇമാം നിർവഹിച്ചശേഷം തുടങ്ങൽ മഅ്മൂമിനു നിർബന്ധമാണ്. തിരുനബി(സ്വ) പറഞ്ഞു:

"നിശ്ചയം, ഇമാം നിശ്ചയിക്കപ്പെട്ടത് അദ്ദേഹം പിന്തുടരപ്പെടുന്നതിനു വേണ്ടിയാണ്. ഇമാം തക്ബീർ ചൊല്ലിയാൽ ഉടൻ നിങ്ങളും തക്ബീർ ചൊല്ലുക. റുകൂഅ് ചെയ്താൽ ഉടൻ നിങ്ങളും റുകൂഉ ചെയ്യുക. ഇമാം സമിഅല്ലാഹു ലിമൻഹമിദ എന്നു ചൊല്ലിയാൽ നിങ്ങൾ ഉടൻ റബ്ബനാ വലകൽഹംദ് ചൊല്ലുക. ഇമാം സുജൂദു ചെയ്താൽ ഉടൻ നിങ്ങൾ സുജൂദ് ചെയ്യുക."

തക്ബീറതുൽ ഇഹ്റാമിലും സലാം വീട്ടലിലും മഅ്മൂമ് ഇമാമിനോട് ഒപ്പത്തിനൊപ്പം ചെയ്താൽ അതു കറാഹത്താകുന്നു(വെറുക്കപ്പെടുന്നതാകുന്നു). കാരണം അതു സുന്നത്തിനെതിരാകുന്നു. അവന്റെ നമസ്കാരം ബാത്വിലാവുകയില്ല. കാരണം അവൻ റുക്നിൽ ഇമാമിനോട് ഒരുമിച്ചിരിക്കുന്നു. അവൻ ഇമാമിനെ മുൻകടന്നാൽ അതു ഹറാമുമാകുന്നു. തിരുനബി(സ്വ) പറഞ്ഞു:

"നിങ്ങൾ എന്നെ റുകൂഇലും സുജൂദിലും നിറുത്തത്തിലും മുൻകടക്കരുത്." ഈ വിരോധം ഹറാമാക്കലാണ് തേടുന്നത്. അബൂഹു

റയ്റ(റ)യിൽനിന്നു നിവേദനം:

“ഇമാമിനു മുമ്പ് തന്റെ തലയുയർത്തുന്നവൻ, അല്ലാഹു അവന്റെ തലയെ കഴുതയുടെ തലയാക്കി മാറ്റുന്നത് ഭയക്കുന്നില്ലേ?”

**ജമാഅത്തു നമസ്കാരം; ഏതാനും വിധികൾ**

ഇമാമത്തും ജമാഅത്തുമായി ബന്ധപ്പെട്ട, മുമ്പ് പരാമർശിക്കാത്ത ഏതാനും വിധികൾ:

1. നമസ്കാരത്തിൽ പ്രായപൂർത്തിയും വിവേകവുമുള്ളവർ ഇമാമിനോട് അടുത്തു നിൽക്കൽ സുന്നത്താണ്. മഹത്ത്വവും ബുദ്ധിയും വിവേകവും അവധാനതയുമുള്ളവർ ഇമാമിനു പിന്നിലും അടുത്തുമായി നിൽക്കുവാൻ മുന്തിക്കപ്പെടണം. തിരുനബി(സ്വ) പറഞ്ഞു:

“നിങ്ങളിൽ പ്രായപൂർത്തിയും ബുദ്ധിയുമുള്ളവർ എന്നോടു അടുത്തു നിൽക്കട്ടെ. പിന്നീട് അവരെ തുടർന്നവർ. പിന്നീട് അവരെ തുടർന്നവർ.”

ഇമാമിൽനിന്ന് കർമങ്ങൾ സ്വീകരിക്കുക, ആവശ്യമായാൽ ഇമാമിനു പാരായണത്തിൽ ഉണർത്തിക്കൊടുക്കുക, (വുദൂഅ് നഷ്ടമാകുകപോലുള്ള) വല്ലതും നമസ്കാരത്തിൽ ഇമാമിനു പിണഞ്ഞാൽ) താനുദ്ദേശിക്കുന്നവരെ അവരിൽ നിന്ന് പകരം ഇമാമായി നിർത്തുക എന്നിവയാണ് ഇതിലുള്ള ഹിക്മത്ത്.

2. ഒന്നാമത്തെ സ്വഫ്ഫ് ലഭിക്കുവാൻ അമിത താൽപര്യം കാണിക്കുക: ഒന്നാമത്തെ സ്വഫ്ഫിലേക്കു മുൻകടക്കലും അതു ലഭിക്കുവാൻ അമിത താൽപര്യം കാണിക്കലും പിന്തുന്നതിനെതൊട്ട് മുൻകരുതൽ സ്വീകരിക്കലും മഅ്മൂമുകൾക്ക് സുന്നത്താണ്. തിരുനബി(സ്വ) പറഞ്ഞു:

“നിങ്ങൾ മുന്നിട്ടുവരികയും എന്നെ തുടരുകയും ചെയ്യുക. നിങ്ങളുടെ ശേഷം വരുന്നവർ നിങ്ങളെ തുടരട്ടെ. ഒരു വിഭാഗം, അല്ലാഹു അവരെ പിന്തിപ്പിക്കുന്നതുവരെ (നമസ്കാരത്തിലേക്കു വരുന്നതിൽനിന്ന്) പിന്തിക്കൊണ്ടിരിക്കും.”

“ബാങ്കുവിളിയിലും ഒന്നാമത്തെ സ്വഫ്ഫിൽ ഇടം കാണുന്നതിലുമുള്ള പുണ്യം ജനങ്ങൾ അറിയുകയും പിന്നീട് ആ പുണ്യം ലഭിക്കുവാൻ നറുക്കെടുക്കുകയല്ലാതെ തരമില്ലെന്നും അവർ മനസ്സിലാക്കി; എങ്കിൽ അവർ നറുക്കെടുത്ത് (ആ പുണ്യം നേടുമായിരുന്നു).”

എന്നാൽ സ്ത്രീകൾ പിൻസ്വഫ്ഫുകളിലാവൽ സുന്നത്താണ്. നബി(സ്വ) പറഞ്ഞു: “പുരുഷന്മാരുടെ സ്വഫ്ഫുകളിൽ ഏറ്റവും ഉത്തമമായത് അതിൽ ഒന്നാമത്തെതും ഏറ്റവും മോശമായത് അതിൽ അവസാനത്തെതുമാണ്. സ്ത്രീകളുടെ സ്വഫ്ഫുകളിൽ ഏറ്റവും ഉത്തമമായത് അതിൽ അവസാനത്തെതും ഏറ്റവും മോശമായത് അതിൽ ആദ്യത്തെതുമാണ്.”

3. സ്വഫ്ഫുകൾ ശരിപ്പെടുത്തലും അന്യോന്യം അടുത്തു നിൽക്കലും വിടവുകൾ നികത്തലും മുൻസ്വഫ്ഫുകൾ പൂർത്തീകരിക്കലും: നമസ്കാരത്തിൽ പ്രവേശിക്കുന്നതിനുമുമ്പായി സ്വഫ്ഫുകൾ ശരിപ്പെടുത്തുവാനും വിടവുകൾ നികത്തുവാനും കൽപിക്കൽ ഇമാമിനു സുന്നത്താണ്. തിരുനബി(സ്വ)യുടെ വാക്കും പ്രവൃത്തിയും അതിനു തെളിവാണ്. തിരുമേനി(സ്വ) പറഞ്ഞു:

“നിങ്ങൾ നിങ്ങളുടെ സ്വഫ്ഫുകൾ ശരിപ്പെടുത്തുക. കാരണം സ്വഫ്ഫുകൾ ശരിയാക്കൽ നമസ്കാരത്തിന്റെ പൂർണതയിൽ പെട്ടതാണ്.”

അനസി(റ)ൽനിന്നു നിവേദനം: “നമസ്കാരത്തിന് ഇകാമത്തു വിളിക്കപ്പെട്ടു. അപ്പോൾ തിരുനബി(സ്വ) ഞങ്ങളിലേക്കു മുഖം തിരിച്ചു നിന്നുകൊണ്ടു പറഞ്ഞു: ‘നിങ്ങൾ നിങ്ങളുടെ സ്വഫ്ഫുകൾ ശരിയാക്കുകയും പരസ്പരം അടുത്തുനിൽക്കുകയുംചെയ്യുക. കാരണം ഞാൻ നിങ്ങളെ പിന്നിൽ കാണുന്നു.”

അനസ്(റ) പറയുന്നു: “ഞങ്ങളിലൊരാൾ തന്റെ ചുമൽ സഹചാരിയുടെ ചുമലിനോടും കാൽപാദം കാൽപാദത്തിനോടും മുട്ടിച്ചു നിൽക്കുമായിരുന്നു.”

ഒന്നാമത്തെ സ്വഫ്ഫും പിന്നെ അതിനെത്തുടർന്നുള്ള സ്വഫ്ഫും പൂർത്തീകരിക്കൽ സുന്നത്താണ്. കുറവുണ്ടായാൽ അതു സ്വഫ്ഫുകളിൽ അവസാനത്തേതിലാകട്ടെ. തിരുനബി(സ്വ) പറഞ്ഞു:

‘മലക്കുകൾ തങ്ങളുടെ റബ്ബിനരികിൽ അണിനിൽക്കുന്നതുപോലെ നിങ്ങൾ അണിനിൽക്കുന്നില്ലേ?’ ഞങ്ങൾ ചോദിച്ചു: ‘അല്ലാഹുവിന്റെ ദൂതരേ, മലക്കുകൾ തങ്ങളുടെ റബ്ബിനരികിൽ എങ്ങനെയാണ് അണിനിൽക്കുന്നത്?’ തിരുമേനി(സ്വ) പറഞ്ഞു: ‘ആദ്യമുള്ള സ്വഫ്ഫുകളെ അവർ പൂർത്തീകരിക്കുകയും സ്വഫ്ഫിൽ അന്യോന്യം അടുത്തു നിൽക്കുകയും ചെയ്യും.’

4. സ്വഫ്ഫിനു പിന്നിൽ മുൻഫരിദിന്റെ നമസ്കാരം: സ്വഫ്ഫിനു പിന്നിൽ ഒരു വ്യക്തിയുടെ ഒറ്റക്കുള്ള നമസ്കാരം സ്വഹീഹാവുകയില്ല. തിരുനബി(സ്വ) പറഞ്ഞു: ‘സ്വഫ്ഫിനു പിന്നിൽ തനിച്ചു നമസ്കരിക്കുന്നവന് നമസ്കാരമില്ല.’

“ഒരു വ്യക്തി സ്വഫ്ഫിനു പിന്നിൽ ഒറ്റക്കു നമസ്കരിക്കുന്നത് അല്ലാഹുവിന്റെ റസൂൽ(സ്വ) കണ്ടു. അപ്പോൾ തിരുനബി അയാളോടു നമസ്കാരം മടക്കി നിർവഹിക്കുവാൻ കൽപിച്ചു.”

*(ഒരു സംഘം പണ്ഡിതന്മാർ രചിച്ച ‘അൽഫിക്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന’ എന്ന ഗ്രന്ഥത്തിൽ നിന്നുമെടുത്തത്)*

ഹുസ്ന മലോറം




കൂടെപ്പിറപ്പായ
മരണമേ, നീയെന്റെ
കൂടെയുണ്ടെന്നത്
ഞാൻ വിസ്മരിച്ചു!

നിന്നെ ഞാൻ മറന്നാലും
എന്നെ മറക്കാതെ
നീ വരും ചാരത്ത്
മണ്ണോടു ചേർക്കാൻ!

വിടരാത്ത സ്വപ്നവും
പടരുന്ന നോവതും
പാതി വഴിക്കിട്ട്
നമ്മൾ തിരിച്ചിടും!

വാശിയും ദേഷ്യവും
പകയും പിണക്കവും
ഇവിടമിൽ വിട്ടു നാം
ഒരുനാൾ മടങ്ങിടും!

മണ്ണിൽ തുടങ്ങിയ
ജീവിതം പെട്ടെന്ന്
മണ്ണിന്നടിയിലായ്
മെല്ലെയൊടുങ്ങിടും!



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

43rd
معرض الشارقة الدولي للكتاب
SHARJAH INTERNATIONAL BOOK FAIR

**ZC : 09 (HALL NO. 7)**

WISDOM BOOKS

# ഷാർജ അന്താരാഷ്ട്ര പുസ്തക മേളയിൽ കനപ്പെട്ട കൃതികൾ വിസ്ഡം ബുക്സിൽ നിന്നും....




**പ്രകാശം പരത്തിയ പ്രവാചകൻമാർ**
**ഈസാ നബി**
ഹുസൈൻ സലഫി




**ക്വുർആൻ പാരായണ വിധികൾ**
മുഹമ്മദ് അസ്‌ലം ബിൻ യൂസുഫ്




**മരണാനന്തര ജീവിതം സത്യമോ മിഥ്യയോ ?**
മുബാറക്ക് ബിൻ ഉമർ




**സുന്നത്തും ബിദ്അത്തും; ഒരു സംക്ഷിപ്ത പഠനം**
ശൈഖ് അബ്ദുൽ മുഹ്സിൻ അബ്ബാദ്
വിവ: ശമീർ മദീനി




**മനുഷ്യൻ എന്ന അത്ഭുതം**
ഡോ. എം. ഉസ്മാൻ




**മനുഷ്യന്റെ യഥാർത്ഥ ശത്രു**
ഡോ. എം. ഉസ്മാൻ




**അല്ലാഹു എത്ര പരിശുദ്ധൻ**
ഡോ. എം. ഉസ്മാൻ

വിസ്ഡം ബുക്സ്: വായനയുടെ വസന്തം; നൈതികതയുടെ വീണ്ടെടുപ്പ്

**WISDOM BOOKS AND PUBLICATIONS**
CV Complex, PV Swami Road, Chalappuram, Kozhikode 673 002.
Mob: +91 7356766478 www.wisdombooksonline.com




പുസ്തകം നിങ്ങളുടെ **വീട്ടിൽ** എത്തിക്കുന്നു

www.wisdombooksonline.com

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
26 October 2024

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

43rd SHARJAH INTERNATIONAL BOOK FAIR

WISDOM BOOKS

# ഷാർജ അന്താരാഷ്ട്ര പുസ്തകമേളയിൽ
# പുറത്തിറങ്ങുന്നു







വൈവിധ്യമാർന്ന വായനാനുഭവങ്ങൾ സമ്മാനിച്ച
വിസ്ഡം ബുക്സിൽ നിന്നും
ഇംഗ്ലീഷ് ഭാഷയിൽ ആദ്യമായി
മികച്ച രണ്ട് കൃതികൾ നിങ്ങളിലേക്കെത്തുന്നു...




SHARJAH INTERNATIONAL BOOK FAIR
ZC : 09 (HALL NO. 7)

www.wisdombooksonline.com

വിസ്ഡം ബുക്സ്: വായനയുടെ വസന്തം; നൈതികതയുടെ വീണ്ടെടുപ്പ്

WISDOM BOOKS AND PUBLICATIONS
CV Complex, PV Swami Road, Chalappuram, Kozhikode 673 002. Mob: +91 7356766478 www.wisdombooksonline.com